# കേരള ഗവർണ്ണർ

# ശ്രീ. ആർ. എസ്. ഗവായ്

## 2010 ഫെബ്രുവരി 24-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത
# പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

കേരള നിയമസഭയുടെ 2010-ലെ ആദ്യ സമ്മേളനത്തിലേക്ക് ഞാൻ നിങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. രണ്ടാമത് തവണയാണ് ഈ മഹനീയ സഭയെ ഞാൻ അഭിസംബോധന ചെയ്യുന്നത്. നിങ്ങൾ ഏവർക്കും ഞാൻ എന്റെ ഹൃദയംഗമായ ആശംസകൾ നേരുന്നു. സർക്കാർ തുടങ്ങിവെച്ച വികസന പ്രവർത്തനങ്ങൾ സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

2. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതങ്ങളും അതിൽ നിന്നും നമ്മുടെ സമ്പദ് വ്യവസ്ഥയെ കരകയറ്റുന്നതിനുമായി നടത്തിയ യത്നങ്ങളുമാണ് 2009-ൽ പ്രകടമായി കണ്ടത്. സമീപകാലത്തായി അൽപ്പം പുരോഗതി കാണാൻ കഴിഞ്ഞുവെങ്കിലും പ്രതിസന്ധി തരണം ചെയ്തിട്ടില്ലാത്തതും അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥ ദുർബ്ബലമായി തുടരുകയുമാണ്. നമ്മുടെ പൊതുമേഖലയുടെ ശക്തമായ സ്വാധീനം പ്രക്ഷുബ്ദമായ കാലത്തെ ഫലപ്രദമായി നേരിടുന്നതിന് നമ്മെ സഹായിച്ചിട്ടുണ്ട്. എന്നിരുന്നാലും, കാർഷിക പ്രതിസന്ധി മൂലം ആഭ്യന്തര വിപണി പരിമിത

പ്പെട്ടതും നാണ്യപ്പെരുപ്പംമൂലം ഉണ്ടായ സാമ്പത്തിക അസ്ഥിരതയും തിരിച്ചുവരവിനെ തടസ്സപ്പെടുത്തി.

3. കടന്നുപോയ വർഷം ഏറെക്കുറെ സമാധാനപര മായിരുന്നെങ്കിലും ആശങ്കയുടെ നിമിഷങ്ങളും ഉണ്ടായിരുന്നു. ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള കാലാവസ്ഥാ വ്യതി യാനവും അതിന്റെ ഫലമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും തുടർച്ചയായി വെല്ലുവിളി ഉയർത്തിക്കൊണ്ടിരി ക്കുന്നു. ആസിയാൻ കരാർ പൂർത്തീകരിക്കുന്നതിനു മുൻപ് സംസ്ഥാനവുമായി മതിയായ കൂടിയാലോചന നടത്തി യിരുന്നില്ല എന്നതാണ് എന്റെ സർക്കാരിന്റെ നിലപാട്. ഈ കരാർ കേരളത്തിന്റെ കാർഷിക മേഖലയിൽ കടുത്ത ആശങ്ക ഉളവാക്കിയിട്ടുണ്ട്. മറ്റ് രാജ്യങ്ങളിൽ നിന്നുള്ള ചരക്ക് കയറ്റുമതി കേരളത്തിലെ തോട്ടവിള കർഷകർക്ക് ഭീഷണി ഉയർത്താൻ സാദ്ധ്യതയുണ്ട്.

4. ഉദാരമായ ഇറക്കുമതിയുടെയും നാണ്യവിളകളുടെ അന്താരാഷ്ട്ര വിലനിലവാരത്തിലുണ്ടാകുന്ന രൂക്ഷമായ ഏറ്റക്കുറച്ചിലുകളുടെയും ഫലമായി ഉളവാകുന്ന, പ്രത്യേ കിച്ചും അത്തരം ഉല്പന്നങ്ങളുടെ, വിലത്തകർച്ചയെ നേരിട്ടുകൊണ്ട് കാർഷിക മേഖലയിലെ ദുരിതം തടയാൻ ഉതകുംവിധം ഉചിതമായ താങ്ങുവില നൽകൽ ഇടപെട ലിലൂടെ കർഷകരുടെ നഷ്ടം നികത്തേണ്ടത് അനിവാര്യമാണ്. വാണിജ്യ മന്ത്രാലയം നേരത്തെ തുടക്കം കുറിച്ച 'പ്രൈസ്

സ്റ്റെബിലൈസേഷൻ ഫണ്ട് ട്രസ്റ്റ് ഈ ചരക്കുകളുടെ വിലയിലുണ്ടാകുന്ന അസ്ഥിരതമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനു മാത്രമായി പുന:ക്രമീകരിക്കേണ്ടത് ആവശ്യമാണ്. ഇടുക്കി പാക്കേജിന്റെ ഭാഗമായി 1000 കോടി രൂപ പ്രാഥമിക ഗ്രാന്റോടെ എല്ലാ പ്രധാന തോട്ട വിളകൾക്കും ഒരു കമ്മോഡിറ്റി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് സ്ഥാപിക്കണമെന്ന് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ നിർദ്ദേശിക്കുകയുണ്ടായി.

5. നാണ്യവിളകളുടെ കയറ്റുമതിയിലും വിനോദ സഞ്ചാരികളുടെ ആഗമനത്തിലും പ്രവാസി ഭാരതീയരുടെ നിക്ഷേപങ്ങളിലും നല്ലൊരു അളവുവരെ ആശ്രയിച്ചിരിക്കുന്ന സമ്പദ്‌വ്യവസ്ഥ ആയതിനാൽ സാമ്പത്തിക മാന്ദ്യം കേരളത്തിനുമേലും അതിന്റെ കരിനിഴൽ വീഴ്ത്തി എന്നുള്ളതിൽ അത്ഭുതപ്പെടാനില്ല.കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുകയും വിനോദ സഞ്ചാരികളുടെ ആഗമനത്തിൽ കുറവുണ്ടാവുകയുംചെയ്തു. വിഭവങ്ങളുടെ അപര്യാപ്തതയ്ക്കിടയിലും, കേന്ദ്രം പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജുകൾക്ക് പുറമെ, 2009-2010-ലെ ബഡ്ജറ്റിൽ നമ്മൾ നമ്മുടേതായ ഉത്തേജക പാക്കേജ് പ്രഖ്യാപിക്കേണ്ടിവന്നു. ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തിനകത്ത് റോഡുകൾ, പാലങ്ങൾ, പൊതുവായ കെട്ടിടങ്ങൾ മുതലായവ പോലുള്ള 1280 അടിസ്ഥാന സൗകര്യങ്ങൾക്കായി 3000 കോടി

രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇവ കൂടാതെ, വാട്ടർ അതോറിറ്റിയും ജലസേചനവും വിനോദ സഞ്ചാരവും മറ്റ് വകുപ്പുകളും ധാരാളം മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുകയുണ്ടായി.

6. നമ്മുടെ പൗരന്മാരിൽ താങ്ങാനാവാത്ത ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് സമീപ മാസങ്ങളിൽ ഉണ്ടായ അവശ്യ സാധനങ്ങളുടെ കുതിച്ചുയരുന്ന വിലക്കയറ്റം കടുത്ത ആശങ്ക ഉയർത്തുന്ന മറ്റൊരു മേഖലയാണ്. 2008 ഡിസംബറിലെ വിലനിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ 2009 ഡിസംബർ മാസത്തിൽ ഭക്ഷ്യസാധനങ്ങളുടെ മൊത്ത വിലനിലവാര സൂചിക (WPI) 19.8% കണ്ട് വർദ്ധിക്കുകയും ഉണ്ടായി. പ്രത്യേകിച്ചും, പഞ്ചസാരയുടെയും പയറുവർഗ്ഗങ്ങളുടെയും അരിയുടെയും കാര്യത്തിലാണ് വിലക്കയറ്റം കൂടുതലായി ഉണ്ടായത്. രാജ്യത്തെ കാർഷികോൽപ്പാദനത്തിലുണ്ടായ മാന്ദ്യവും അനിശ്ചിതത്വവും കൂടി വില കുതിച്ചുയരുന്നതിന് കാരണമായി. കാരണങ്ങൾ എന്തൊക്കെ ആയിരുന്നാലും, ദ്രുതഗതിയിൽ നടപടി സ്വീകരിക്കേണ്ടതും ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് അറുതി വരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യങ്ങളുടെ മുൻപുണ്ടായിരുന്ന എപിഎൽ വിഹിതമായ 113000 മെട്രിക് ടൺ എന്നത് പുനഃസ്ഥാപിക്കണമെന്നും ഈ സാഹചര്യം ആവശ്യപ്പെടുന്നതായി ഞാൻ ശക്തമായി ഊന്നി പറയുന്നു.

പ്രധാനപ്പെട്ട വിഷയങ്ങളും നാണ്യപ്പെരുപ്പം നിയന്ത്രിക്കാൻ എന്റെ സർക്കാർ മുൻകൈയ്യെടുത്തു നടത്തുന്ന പ്രധാന നടപടികളും ഞാൻ എന്റെ പ്രസംഗത്തിൽ പിന്നീട് പരാമർശിക്കുന്നതാണ്.

7. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ദോഷകരമായി ബാധിച്ചിട്ടുള്ള മുഖ്യ മേഖലകളായ, പ്രത്യേകിച്ചും, കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കുമുള്ള പദ്ധതി അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ എന്നീ സാമൂഹ്യ മേഖലകൾക്ക് കൂടുതൽ തുക ലഭ്യമാക്കുന്നതിനും വിവരസാങ്കേതിക വിദ്യ, വ്യവസായം, വിനോദസഞ്ചാരം എന്നീ മേഖലകൾക്ക് മതിയായ വിഹിതം ഉറപ്പാക്കുന്നതിനുമുള്ള പ്രയത്നങ്ങളാണ് എന്റെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ആസൂത്രണ ബോർഡ് നടത്തിയ 11-ാം പദ്ധതിയുടെ ഇടക്കാല വിലയിരുത്തലിൽ 11-ാം പദ്ധതിയിൽ വിഭാവന ചെയ്ത തന്ത്രപരമായ ചില അടിസ്ഥാന മാറ്റങ്ങൾ യാഥാർത്ഥ്യമായതായി കണ്ടെത്തി. ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നതിലേക്കുള്ള മാറ്റം, ഉയർന്ന പദ്ധതി അടങ്കൽ നിലനിർത്തൽ, എല്ലാവർക്കും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ജീവിതനിലവാരം ഉറപ്പാക്കുന്നതിന് സർക്കാരിനുള്ള പങ്ക് ഊട്ടി ഉറപ്പിക്കൽ എന്നിവയാണ് ഇവ. ഈ മാറ്റങ്ങൾ ഒരു പരിധിവരെ ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ നേട്ടം കൈവരിക്കുന്നതിന്

— — — — — — —

സഹായിച്ചു. ഇനി നമുക്ക് വിവിധ മേഖലകളിലെ വികസന ങ്ങളിലേക്ക് കണ്ണോടിക്കാം.

8. ഭക്ഷ്യസുരക്ഷയുടെ ഏറ്റവും പ്രധാനപ്പെട്ട മേഖല യിൽ 20 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്കും, പട്ടികജാതി, പട്ടികഗോത്രവർഗ്ഗത്തിൽപ്പെടുന്നവരും മത്സ്യ തൊഴിലാളി കളും ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളും ഉൾപ്പെടുന്ന 5 ലക്ഷം എപിഎൽ കുടുംബങ്ങൾക്കും കിലോഗ്രാമിന് രണ്ടുരൂപ നിരക്കിൽ അരിയും ഗോതമ്പും നൽകുന്ന പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കി.. ഈ പദ്ധതി പ്രകാരം എഎവൈ (AAY) കുടുംബങ്ങൾക്ക് 35 കിലോഗ്രാമും ബിപിഎൽ കുടുംബങ്ങൾക്ക് 25 കിലോഗ്രാമും എപിഎൽ വിഭാഗത്തിന് 12 കിലോഗ്രാമും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു. സംസ്ഥാന സർക്കാരിന് മാത്രമായി 228 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

9. മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനായി റേഷൻകടകൾ ആധുനികവത്കരിച്ചുവരുന്നു. റേഷൻ കാർഡുകൾ ഫോട്ടോ പതിപ്പിച്ച് ലാമിനേറ്റ് ചെയ്ത് ബാർ കോഡിങ്ങോടുകൂടി മാറ്റി നൽകി. വ്യാജ കാർഡുകൾ ഇല്ലായ്മ ചെയ്യുന്നതിനും യഥാർത്ഥ കാർഡുടമകൾക്ക് തന്നെ റേഷൻ സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഇത് സഹായിച്ചു. കിലോഗ്രാമിന് രണ്ടു രൂപാ നിരക്കിൽ റേഷനരി നൽകുന്നത് അസംഘടിത മേഖലയിലെ തൊഴിലാളി

കുടുംബങ്ങൾക്കും കൂടി വ്യാപിപ്പിക്കുന്നതാണ്. പൊതു വിതരണ സമ്പ്രദായത്തിന്റെ സുതാര്യതയും വിതരണ സേവനവും ഉറപ്പുവരുത്തുന്നതിന് ബയോമെട്രിക് അധിഷ്ഠിതമായ ഇപിഡിഎസ് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്.

10. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സപ്ലൈകോ വഴിയുള്ള വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി 13 അവശ്യ സാധനങ്ങൾ നിശ്ചിത വിലയ്ക്ക് സപ്ലൈകോ വഴി വിതരണം ചെയ്തു വരുന്നു. 250 വില്പനശാലകൾ തുറക്കുന്നതിനും 100 മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായി മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. 2010-2011 വർഷത്തിൽ 10 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തുറക്കുന്നതാണ്. സപ്ലൈകോയുടെ വിപണി വിഹിതം 2008-2009-ൽ 30%-ലേക്ക് വർദ്ധിക്കുകയും ആയത് അടുത്ത വർഷം 35%-ൽ ആകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കേരള മാതൃകയിലുള്ള ശക്തമായ വിപണി ഇടപെടൽ അതുല്യവും മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയാത്തതുമാണ്. കോഴിക്കോട് കളക്ട്രേറ്റിൽ ആരംഭിച്ച അപ്നാ ബസാറിന്റെ മാതൃകയിലുള്ള വിപണനശാലകൾ തുറക്കുന്ന പദ്ധതി. മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. സർക്കാരിന്റെ നെല്ല് സംഭരണ പദ്ധതിയിലൂടെ റേഷൻ ചില്ലറ വില്പന വ്യാപാരികൾക്ക് കുത്തരി വിതരണം ചെയ്യുന്നതിനുള്ള ഒരു നോഡൽ ഏജൻസിയായും സപ്ലൈകോ പ്രവർത്തിക്കുന്നുണ്ട്.

2009-2010-ലെ ആദ്യ വിളവെടുപ്പ് കാലത്ത് പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിലുള്ള കൃഷിക്കാരിൽ നിന്നും 12,000 മെട്രിക് ടണ്ണിലധികം നെല്ല് സപ്ലൈകോ സംഭരിക്കുകയും ഇതുവരെ 55,000 ടൺ അരി പൊതുവിതരണ ശൃംഖലയ്ക്ക് വിതരണത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്.

11. എന്റെ സർക്കാർ കൈക്കൊണ്ട ശക്തമായ നടപടികളുടെയും തീരുമാനങ്ങളുടെയും ഫലമായി കഴിഞ്ഞ കാലങ്ങളിൽ കേരളത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടായ മോശപ്പെട്ട പ്രകടനത്തിൽ നിന്നും അത് തിരിച്ചു വരവ് നടത്തിയിട്ടുണ്ട്. കൃഷിക്കാരന്റെ ക്ഷേമത്തിന് എപ്പോഴും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. നെൽക്കൃഷിക്കാർക്ക് വേണ്ടി " കിസാൻ അഭിമാൻ" എന്ന പേരിൽ ഒരു കർഷക പെൻഷൻ പദ്ധതി ഈ വർഷം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി 14,000-ത്തിലധികം കർഷകർക്ക് പ്രയോജനം ലഭിക്കുകയും 2010-2011 കാലയളവിൽ കൂടുതൽ ഗുണഭോക്താക്കളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് പ്രത്യേകിച്ച് നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് ഭക്ഷ്യ സുരക്ഷയ്ക്ക് ഏറ്റവും മുന്തിയ പരിഗണന നൽകുകയുണ്ടായി. കേരളത്തിലെ പ്രധാനപ്പെട്ട നെല്ലുല്പാദന പ്രദേശങ്ങളിൽ ഒരു

പ്രത്യേക ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. എന്റെ സർക്കാർ നെല്ലിന്റെ സംഭരണ നിരക്ക് കിലോയ്ക്ക് 12 രൂപയായി ഉയർത്തുകയും ആയത് ഭാരത സർക്കാർ നൽകുന്ന കുറഞ്ഞ താങ്ങുവിലയേക്കാൾ 2.5 രൂപ കൂടുതലും ആണ്. 2009 വർഷത്തിൽ 15,000 ഹെക്ടറിലധികം തരിശുഭൂമിയിൽ കൃഷിയിറക്കുകയുണ്ടായി. കഴിഞ്ഞവർഷം നെല്ലുല്പാദനത്തിലും കൃഷി ചെയ്ത നിലത്തിന്റെ ഏക്കർ അളവിലും ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. 2010 കാലയളവിൽ 'തരിശുഭൂമിവിമുക്ത സംസ്ഥാനം' എന്ന സ്വപ്നം ഒരു യാഥാർത്ഥ്യമാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനു പുറമെ, സമാനമായ എല്ലാ പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര നെല്ല് സംരക്ഷണ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതാണ്.

12. 2010-ൽ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നത് എന്റെ സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ പച്ചക്കറി ഉല്പാദന പദ്ധതികളെയും ഏകോപിപ്പിക്കുന്നതിനായി ഒരു 'സ്റ്റേറ്റ് വെജിറ്റബിൾ മിഷൻ' രൂപീകരിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ 25 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതും കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതുമാണ്.

13. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രയത്നങ്ങൾക്ക് അനുബന്ധമായി കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കർഷക സംരക്ഷണ പദ്ധതി വികസിപ്പിക്കുന്നതിനായി 6 ഇഇസി (EEC) കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തും. 'കർഷക രക്ഷാ പദ്ധതി' എന്ന ഈ പദ്ധതി പ്രകാരം വിലത്തകർച്ച നേരിടുന്ന കാലയളവിൽ കർഷകർക്ക് വില സംരക്ഷണം നൽകും. ഈ പദ്ധതിപ്രകാരം കർഷക പ്രാതിനിധ്യത്തോടെ "അഗ്രികൾച്ചറൽ പ്രൊഡ്യൂസർ കമ്പനികൾ" കൂടി രൂപീകരിക്കുന്നതാണ്.

14. കർഷകർക്കു വേണ്ടിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കും. ജൈവകൃഷിസമ്പ്രദായത്തിലൂടെ പച്ചക്കറികൾ, നെല്ല്, തേങ്ങ, പഴവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 100 ഗ്രാമങ്ങളെ "അക്ഷയ ഗ്രാമങ്ങൾ" ആയി തെരഞ്ഞെടുക്കും. ഇവ കൂടാതെ, ഈ ഗ്രാമങ്ങളിൽ കോഴിവളർത്തൽ, തേനീച്ചവളർത്തൽ, കന്നുകാലിവളർത്തൽ മുതലായവയും പ്രോത്സാഹിപ്പിക്കും. തെരഞ്ഞെടുക്കപ്പെട്ട യുവാക്കൾക്ക് ശരിയായ പരിശീലനം നൽകി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. നെല്ലിയാമ്പതി ഓറഞ്ച് ഫാമിനെ ഒരു ഭക്ഷ്യസംസ്കരണ യൂണിറ്റും ഉദ്യാനകൃഷി പരിശീലനകേന്ദ്രവും ഉൾപ്പെടെയുള്ള ഒരു ദേശീയതല പുഷ്പ-ഫലോദ്യാനമായി ഉയർത്തുന്നതാണ്.

—— —— —— ——

15. 10 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന 46 വൻകിട ജലവിതരണ പദ്ധതികളും 185 ചെറുകിട പദ്ധതികളും കേരള ജല അതോറിറ്റി പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലമായി പൂർത്തികരിക്കാതെ കിടന്ന നഗര ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 2009-2010-ൽ കെഡബ്ല്യുഎ മുൻഗണന നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനുള്ള ഒരു നടപടിയെന്ന നിലയിൽ 'ജെബിഐസി ' (JBIC) പദ്ധതി ഉടൻ തന്നെ കമ്മീഷൻ ചെയ്യുന്നതാണ്. ജലനിധിയുടെ തുടർപദ്ധതി ഉടൻ തന്നെ സഫലമാകുമെന്ന് പ്രതീക്ഷിക്കുന്നു. 1200 കോടി രൂപ വിഭാവനം ചെയ്യുന്ന, ഗ്രാമീണ മേഖലയ്ക്കായുള്ള ഈ പദ്ധതിയ്ക്ക് കുടിവെള്ള മേഖലയിൽ സമഗ്രമായ സ്വാധീനം ചെലുത്താൻ കഴിയുന്നതാണ്. പുതിയ മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട പരിശോധനയുമായും (വനം സർവ്വേയും മണ്ണ് പരിശോധനയും) ചാലിയാർ പദ്ധതിയുടെ പരിശോധനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടന്നു വരുന്നു. അനവധി ദശാബ്ദങ്ങളായി മുടങ്ങിക്കിടന്ന സ്വപ്ന പദ്ധതിയായ മലബാർ-ചമ്രവട്ടം കഴിഞ്ഞ വർഷം ആരംഭിക്കുകയും പ്രശംസനീയമായ പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നത് ആരംഭിക്കുകയും ഇതിലേക്കായി എൻആർഇജിഎ (NREGA) പദ്ധതി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

16. എം. എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് കുട്ടനാട് മേഖലയിൽ ബണ്ടുകൾക്ക് ഉയരം കൂട്ടുന്നതും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതും ഏറ്റെടുത്തിട്ടുണ്ട്. കേരളത്തിലെ 7 വടക്കൻ ജില്ലകളിലെ വിവിധ പ്രവൃത്തികൾക്കായി 251 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മലബാർ ജലസേചന പാക്കേജ് (MIRPA) കേരള സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി ഈ വർഷം പൂർത്തീകരിക്കുന്നതാണ്.

17. ചെറുകിട-നാമമാത്ര കർഷകർക്ക് അനുബന്ധ വരുമാനം ഉണ്ടാക്കുന്ന കാര്യത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പോഷകാഹാരം ഉറപ്പാക്കുന്നതിലും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിലും മൃഗസംരക്ഷണവും ക്ഷീരവികസനവും മേഖലയ്ക്ക് വളരെ പ്രധാനപ്പെട്ട പങ്കാണുള്ളത്. വിവിധ ഏജൻസികളുടെയും സഹകരണ സ്ഥാപനങ്ങളുടെയും യോജിച്ചുള്ള ശ്രമഫലമായി കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ക്ഷീരോൽപ്പാദനത്തിൽ 2005-2006 മുതൽ ഏകദേശം 20 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ഇക്കാലയളവിൽ മുട്ട ഉല്പാദനത്തിൽ ഏകദേശം 25 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

— — — — —

18. സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പുതിയ കന്നുകാലി പ്രജനന നയം 2008 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരകർഷകരുടെ കന്നുകാലികൾക്ക് കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം സൗജന്യമായി നൽകി വരുന്നു. പ്രത്യേക കന്നുകാലി പ്രജനന പദ്ധതി പ്രകാരം ഏകദേശം 23000 കന്നുകുട്ടികൾക്ക് സഹായ വിലയ്ക്ക് തീറ്റയും ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷയും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പു വർഷത്തിൽ കൊല്ലം, ഇടുക്കി ജില്ലകളിൽ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വൃദ്ധരായ ക്ഷീരകർഷകർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിലേക്കും അതുപോലെ തന്നെ അവർക്ക് വിദ്യാഭ്യാസം, വിവാഹം, ഇൻഷ്വറൻസ്, ശവസംസ്കാരം എന്നിവയ്ക്കും സഹായം നൽകുന്നതിനായി ക്ഷീര കർഷക ക്ഷേമനിധി ബോർഡിലേക്ക് സർക്കാർ വിഹിതം നൽകി വരുന്നു.

19. എല്ലാ വിഭാഗം ജനങ്ങൾക്കും ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരം ഉറപ്പുവരുത്തുന്നതിനും പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം 2010-2011-ൽ വീണ്ടും വർദ്ധിപ്പിക്കുന്നതാണ്. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെൻറ് ബോർഡിന്റെ കീഴിൽ കുളത്തൂപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ മൂന്ന് ഹൈടെക്ക് കന്നുകാലി ഫാമുകൾ സ്ഥാപിക്കുന്നതാണ്. പ്രജനനയോഗ്യമായ എല്ലാ

കന്നുകാലികളേയും ഉൾപ്പെടുത്തിക്കൊണ്ട് കന്നുകാലി വികസന ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കും. ക്ഷീരോല്പാദന ചെലവ് കുറയ്ക്കാൻ കഴിയും വിധം കൃഷിയിറക്കാത്ത തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്തുകൊണ്ട് ഒരു കാലിത്തീറ്റ നയം പ്രഖ്യാപിക്കുന്നതാണ്. സംസ്ഥാനത്ത് പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി അസ്സോള കൃഷി ചെയ്യുന്നതാണ്. ഭക്ഷ്യസുരക്ഷാ മിഷന്റെ ഭാഗമായി മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി രണ്ട് മുട്ടക്കോഴികൾ വീതം 4.5 ലക്ഷം വരുന്ന ബിപിഎൽ കുടുംബങ്ങൾക്ക് സൗജന്യമായി നൽകുന്നതാണ്. 6 മാസം പ്രായമുള്ള ആട്ടിൻകുട്ടികളെ സൗജന്യമായി നൽകി, പ്രത്യേകിച്ചും ഗോത്ര വർഗ്ഗ ഗുണഭോക്താക്കൾക്കിടയിൽ, ആടു വളർത്തൽ പ്രചരിപ്പിക്കുന്നതാണ്.

20. കന്നുകാലി വികസനത്തിന് ആവശ്യമായ സഹായം നൽകുന്നതിന് കേരള കാർഷിക സർവ്വകലാശാലയിലെ വെറ്ററിനറി സൗകര്യങ്ങൾ ഉയർത്തി അതിനെ സ്വയംഭരണ അവകാശമുള്ള ഒരു മികവിന്റെ കേന്ദ്രം ആക്കി മാറ്റുന്നതാണ്.

21. മത്സ്യബന്ധനമേഖലയിൽ നടന്നുവരുന്ന കടാശ്വാസ പ്രവർത്തനങ്ങൾ വരും വർഷത്തിൽ ഊർജ്ജിതപ്പെടുത്തുന്നതാണ്. മത്സ്യ തൊഴിലാളികളുടെ മേലുള്ള ചൂഷണം തടയുന്നതിനും അവരുടെ ഉന്നമനം ഉറപ്പുവരുത്തുന്നതിനും ഒരു സാമൂഹ്യ സുരക്ഷാപദ്ധതി തുടങ്ങുവാൻ എന്റെ

സർക്കാർ ഉദ്ദേശിക്കുന്നു. പനങ്ങാടുള്ള ഫിഷറീസ് കോളേജ് സ്വയംഭരണാവകാശമുള്ള ഒരു മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതാണ്.

22. തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സദ്ഭരണത്തിന് നൽകുന്ന പ്രാമുഖ്യം വർദ്ധിപ്പിക്കും. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സിംഗിൾ പോയിൻറ് ഓഫ് സിറ്റിസൺ ഇൻറർഫേയ്സിനായി സ്ഥാപിച്ചിട്ടുള്ള ഫ്രണ്ട് ആഫീസുകൾ ഘട്ടം ഘട്ടമായി ഉയർത്തുകയും കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്യും. ഓൺ ലൈൻ ആയി ജനന സർട്ടിഫിക്കറ്റ് നൽകുക എന്നതാണ് പൗരന്മാർക്ക് നൽകാൻ ഉദ്ദേശിക്കുന്ന മറ്റൊരു സൗകര്യം. സുരക്ഷിതമായ ഒരു സൈറ്റിൽ നിന്നും ജനങ്ങൾക്ക് അവരുടെ ജനന സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാവുന്നതും അവ സ്വീകരിക്കുന്ന വിവിധ അധികാരസ്ഥാനങ്ങൾക്ക് അവയുടെ ആധികാരിത പരിശോധിക്കുവാൻ കഴിയുന്നതുമാണ്.

23. സമ്പൂർണ്ണ സുതാര്യതയ്ക്കും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിനും ഉതകുംവിധം ഡബിൾ എൻട്രി സമ്പ്രദായം അനുവർത്തിച്ചുകൊണ്ട് എല്ലാ മുനിസിപ്പാലിറ്റികളിലും അക്കൗണ്ടിംഗ് സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കും. സമാനരീതിയിലുള്ള സമ്പ്രദായം ഏതാനും ചില പഞ്ചായത്തുകളിൽ കൂടി പരീക്ഷണാടിസ്ഥാനത്തിൽ കൊണ്ടുവരുന്നതാണ് . ഉപയോഗയോഗ്യത വർദ്ധിപ്പിക്കുന്ന

തിനും തിങ്ങിഞെരുങ്ങൽ തടയുന്നതിനുമായി ഉയർന്ന കെട്ടിടങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ഫലപ്രദമാക്കുന്നതിനുവേണ്ടി സർക്കാർ അടുത്തിടെ കേരള മുൻസി പ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യുകയുണ്ടായി. ഗ്രാമപ്രദേശങ്ങളിലെ കെട്ടിട നിർമ്മാണം ശരിയായ രീതിയിൽ നിയന്ത്രിക്കുന്നത് ഉറപ്പുവരുത്തുന്ന തോടൊപ്പം നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടു പഞ്ചായ ത്തുകൾക്കായി പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതാണ്. പ്രൊഫഷണൽ ഇന്റേണൽ ആഡിറ്റിന് സഹായകരമാകും വിധം പെർഫോമെൻസ് ആഡിറ്റ് സമ്പ്രദായം ഉചിതമായി പുനഃക്രമീകരിക്കുന്നതാണ്.

24. സാമ്പത്തിക വികേന്ദ്രീകരണത്തിൽ കേരളം ഒരു ദേശീയ മാതൃകയാണ്. അതിനെ വീണ്ടും ശക്തിപ്പെടുത്തുന്നതിനായി പോളിസി റിസർച്ച് നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഡാറ്റാബേസ് വികസിപ്പിക്കുന്നതിനുമായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ ഒരു ഫിസ്ക്കൽ സെൽ രൂപീകരിക്കുന്നതാണ്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ഈ വർഷം അവസാനത്തോടെ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിഭവങ്ങൾ വിട്ടുനൽകുന്നത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അതിന്റെ ശുപാർശകളിന്മേൽ സർക്കാർ സത്വര നടപടികൾ സ്വീകരിക്കുന്നതുമാണ്.

25. ഇടുക്കി ജില്ലയിൽ ഇടമലക്കുടിയിൽ ഗോത്ര വർഗ്ഗങ്ങൾക്കു മാത്രമായി ഒരു ഗോത്ര വില്ലേജ് പഞ്ചായത്ത് ഈ വർഷം നിലവിൽ വരുമെന്ന കാര്യത്തിൽ എനിക്ക് സന്തോഷവും അഭിമാനവുമുണ്ട്. അങ്ങേയറ്റം പിന്നാക്ക പ്രദേശമായ ഇതിന്റെ സർവ്വതോന്മുഖ വികസനത്തിനായി പ്രത്യേക പരിശ്രമങ്ങൾ ആരംഭിക്കുന്നതാണ്.

26. എന്റെ സർക്കാർ, വിവിധ സ്രോതസ്സുകളിൽ നിന്ന് വിഭവങ്ങൾ സ്വരുക്കൂട്ടിയും അവ യുക്തിസഹമായ രീതിയിൽ വിനിയോഗിച്ചുകൊണ്ടും റോഡ് ശൃംഖലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സമഗ്രമായ ഒരു മെയിന്റനൻസ് പദ്ധതി തയ്യാറാക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെൻറ് ഗ്യാരൻറി പദ്ധതി പ്രകാരം നൽകിയിട്ടുള്ള വിഭവങ്ങൾ ഉപയോഗിച്ച് നദീതട സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ടുള്ള വൻകിട പദ്ധതികൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തുടക്കമെന്ന നിലയിൽ ഭാരതപ്പുഴയെയും കബനി നദിയെയും കണ്ടെത്തിയിട്ടുണ്ട്.

27. സഹകരണ മേഖല കേരള സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യഘടകമാണ്. നെൽക്കൃഷിക്ക് പലിശരഹിത വായ്പ നൽകിക്കൊണ്ടും യഥാസമയം കുറഞ്ഞ നിരക്കിലുള്ള കാർഷിക വായ്പ നൽകിക്കൊണ്ടും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ വലിയ

ഒരളവുവരെ സംഭാവനകൾ നൽകിയിട്ടുണ്ട്. അവർ നിക്ഷേപം വഴി ആവശ്യമായ ഫണ്ടുകൾ സമാഹരിച്ചിട്ടുള്ളതും അതിലെ അംഗങ്ങളുടെ വായ്പാ ആവശ്യം നിറവേറ്റുന്നതിന് സുസജ്ജ വുമാണ്. കൺസ്യൂമർഫെഡിന്റെ നിയന്ത്രണത്തിലുള്ള ചില്ലറ വില്പനശാലകൾ മുഖേന യഥാസമയ വിപണി ഇടപെടൽ നടത്തി സഹകരണ സ്ഥാപനങ്ങൾ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുകയും ചെയ്യുന്നു. സഹകാരികളെ, അവർക്ക് മരണം സംഭവിക്കുന്ന സംഗതിയിൽ, കടബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

28. സഹകരണ സംഘങ്ങളിൽ വനിതകൾക്കുള്ള സംവരണത്തിൽ വർദ്ധനവും വികലാംഗർക്ക് തൊഴിൽ സംവരണവും ഉൾപ്പെടുത്തിക്കൊണ്ട് 2010-2011-ൽ 1969-ലെ സഹകരണ സംഘം ആക്റ്റിന് സമഗ്രമായ ഭേദഗതി കൊണ്ടു വരാൻ ഉദ്ദേശിക്കുന്നു. 2010 ഡിസംബറോടെ ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും സഹകരണ ത്രിവേണി മാർക്കറ്റുകൾ സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശി ക്കുന്നു. നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും, അവയുടെ സേവനം നിലവിൽ ലഭ്യമല്ലാത്ത തദ്ദേശ സ്ഥാപനങ്ങളിൽ ആരംഭിക്കും. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും വിപണന സംഘങ്ങളും വഴി കൊപ്രയും നെല്ലും സംഭരിക്കാൻ സ്ഥിരമായ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

——— ——— ———

മെഡിക്കൽ വിദ്യാഭ്യാസത്തിൽ ഉന്നത നിലവാരം കൈവരിക്കുവാൻ കേപ്പിന്റെ (CAPE) കീഴിൽ കൊച്ചിയിലുള്ള സഹകരണ മെഡിക്കൽ കോളേജും പരിയാരത്തെ സഹകരണ മെഡിക്കൽ കോളേജും വീണ്ടും വികസിപ്പിക്കും.

29. പാർപ്പിടം എല്ലാവരുടെയും ഒരു അടിസ്ഥാന ആവശ്യമാണ്. നഗരാതിർത്തിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതും തൊഴിൽ സ്ഥലത്തുനിന്നും ദൂരസ്ഥലത്തേക്ക് താമസി ക്കേണ്ടിവന്നതുമായ പാവപ്പെട്ട നഗരവാസികൾക്ക് പാർപ്പിടം നൽകുവാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു പുതിയ പദ്ധതിയായ, 'ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീം' ആരംഭിച്ചിട്ടുണ്ട്. 2010-2011-ൽ ഈ പദ്ധതി വിപുലപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൃശ്ശൂരിലെ പുല്ലഴിയിലും, കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപവും ഇടുക്കിയിലെ കട്ടപ്പനയിലും വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ പണികഴിപ്പിക്കുന്നതാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി 2010-2011-ലും തുടരുന്നതാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രമുഖ ഭൂമികളിൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

30. എന്റെ സർക്കാർ യശ്ശ:ശരീരനായ പത്മശ്രീ ഡോ. ലാറിബേക്കറുടെ സ്മരണാർത്ഥം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ ഒരു പരിശീലന യൂണിറ്റ്

ആരംഭിച്ചിട്ടുള്ളതും ലാറിബേക്കർ ഇന്റർ നാഷണൽ സ്കൂൾ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന് പുനർനാമകരണം ചെയ്ത് ഇനി ഇതിനെ ഒരു മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുന്ന തുമാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് തടയുന്നതിനായുള്ള സർക്കാരിന്റെ ഒരു ജനപ്രിയ പദ്ധതി യാണ് "കലവറ മാർജിൻ ഫ്രീ മാർക്കറ്റ്". ഇത്തരം സ്ഥാപന ങ്ങൾ 2010-2011-ൽ എല്ലാ ജില്ലകളിലും തുടങ്ങുന്നതാണ്.

31. ആരോഗ്യ സംരക്ഷണ മേഖലയിൽ 2010-2011 വർഷത്തിൽ എന്റെ സർക്കാർ ഇനി പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. മലബാർ കാൻസർ സെന്ററിനെ തിരുവനന്തപുരം ആർസിസിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്. ജീവൻ രക്ഷാ ഔഷധങ്ങളുടെ വിതരണ ത്തിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ സഹായത്തോടുകൂടി ജില്ലാതല വില്പന ശാലകൾ തുറക്കുന്ന താണ്. കണ്ണൂരിലെ സർക്കാർ ആയുർവേദ കോളേജിനെ കേന്ദ്രസഹായത്തോടു കൂടി ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതാണ്. ആരോഗ്യത്തിനും അനുബന്ധ ശാസ്ത്ര ങ്ങൾക്കും വേണ്ടിയുള്ള സർവ്വകലാശാല പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതാണ്. ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിൽ വരുത്തുന്നതാണ്.

32. അദ്ധ്വാന വർഗ്ഗത്തിൻെറ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലും എൻെറ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ വൈദഗ്ദ്ധ്യ വികസനപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിച്ചു വരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷനും ന്യായമായ വേതനവും ഉറപ്പുവരുത്തുന്നതിന് എൻെറ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. രണ്ടു പുതിയ മേഖലകളിൽ ഏറ്റവും കുറഞ്ഞ കൂലി നിശ്ചയിക്കുകയും 18 മേഖലകളിൽ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

33. ബിപിഎൽ കുടുംബങ്ങളിൽപ്പെടുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) നടപ്പിലാക്കുന്ന മികച്ച സംസ്ഥാനമായി കേരള സംസ്ഥാനം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. എപിഎൽ കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തത്തക്കവിധം ആർഎസ്ബി വൈയുടെ അതേ മാതൃകയിൽ ഭാരത സർക്കാരിൻെറ സഹായത്തോടെ സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയും (CHIS) കൂടി എന്റെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

34. വൈദഗ്ദ്ധ്യ വികസനത്തിന്റെ പ്രാധാന്യം പരിഗണിച്ച് കൂടുതൽ ഐറ്റിഐകൾ ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പരിശീലനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിന് 'എഡ്യൂസാറ്റ്' (EDUSAT) ഉപയോഗിച്ചുള്ള വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടു കൂടിയ പരിശീലനം പോലുള്ള പുതിയ പദ്ധതികൾ, ഹിന്ദി ഇംഗ്ലീഷ് സ്പീക്കിംഗ് കോഴ്സുകൾ, ഐ.ടി. സാക്ഷരതാ കോഴ്സുകൾ എന്നിവ നടപ്പിൽ വരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പ്ലേസ്മെന്റ് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിന് ട്രെയിനിംഗ് കൗൺസിലിംഗ് ആന്റ് പ്ലേസ്മെന്റ് സെൽ (TCPC) ആരംഭിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. എറണാകുളത്ത് 'കെമിക്കൽ എമർജൻസി റസ്പോൺസ് സെന്റർ' (CHEMREC) ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. കൊല്ലത്ത് ഒരു ഒക്ക്യൂപ്പേഷണൽ ഹെൽത്ത് സെന്ററും തിരുവനന്തപുരത്ത് ഇൻഡസ്ട്രിയൽ സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ടും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന എല്ലാ ഇഎസ്ഐ ഡിസ്പെൻസറികൾക്കും ഇഎസ്ഐ കോർപ്പറേഷന്റെ സഹായത്തോടു കൂടി കെട്ടിടങ്ങൾ എന്റെ സർക്കാർ ലഭ്യമാക്കുന്നതാണ്.

35. പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ആളുകൾക്ക് വീടുകളും വീടുവയ്ക്കുന്നതിനുള്ള സ്ഥലവും നൽകുന്നതിനായിരിക്കും എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. വീട് നിർമ്മിക്കുന്നതിനും വീട്

നിർമ്മിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനുമുള്ള സഹായവും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പത്തിൽ കൂടുതൽ കുടുംബങ്ങളുള്ള എല്ലാ എസ്സിയും എസ്റ്റി കോളനികളും അടുത്ത രണ്ടു വർഷത്തിനുള്ളിൽ വൈദ്യുതീകരണജല വിതരണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതാണ്. നിലവിലുള്ള പ്രോഗ്രാമുകളിൽ അധിക വിഹിതം നൽകി ഇത് കൈവരിക്കുന്നതാണ്. രണ്ടു വർഷം കഴിയുന്നതോടെ സംസ്ഥാനത്ത് ഭവനരഹിതരായ ഒരു ഗോത്രവർഗ്ഗ അല്ലെങ്കിൽ എസ്സി കുടുംബവും ഉണ്ടാവില്ല എന്ന് ഉറപ്പു വരുത്തുന്നതിന് ഒരു തീവ്രപരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

36. എന്റെ സർക്കാർ, കെ.ആർ. നാരായണൻ കോ-ഓപ്പറേറ്റീവ് വില്ലേജ് സെറ്റിൽമെന്റ് പ്രോഗ്രാം കൂടി ആരംഭിച്ചിട്ടുള്ളതും അതിൽ പട്ടിക ജാതിക്കാർക്കും പട്ടിക ജാതിക്കാരല്ലാത്ത ബിപിഎൽ ആളുകൾക്കും താമസസൗകര്യം ഒരുക്കുന്നതിനു പുറമെ വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾക്കും കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

37. സംസ്ഥാനം, 2006-ലെ പട്ടികഗോത്രവർഗ്ഗക്കാരും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്റ്റ് ആത്മാർത്ഥമായി നടപ്പിലാക്കി വരുന്നു. അവകാശവാദം ഉന്നയിച്ച 35,500 ഗോത്രവർഗ്ഗ കുടുംബങ്ങളിലെ ഏകദേശം 4500 കുടുംബങ്ങൾക്ക് ഇതുവരെ ഉടമസ്ഥാവകാശരേഖ നൽകിയിട്ടുണ്ട്. ഈ ഗോത്ര

വർഗ്ഗക്കാർക്ക് 31-03-2010-ഓടെ ഉടമസ്ഥാവകാശ രേഖ നൽകിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ഒരു സമയ ബന്ധിത പരിപാടി നടപ്പിലാക്കി വരുന്നുണ്ട്.

38. എസ്‌സി, എസ്റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി സംസ്ഥാനം കാലാകാലങ്ങളിൽ ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. എസ്‌സി, എസ്റ്റി വിദ്യാർത്ഥികൾക്കും ഒഇസി വിദ്യാർത്ഥികൾക്കും നൽകിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ പോലെയുള്ള വിദ്യാഭ്യാസ സഹായത്തിന്റെ നിരക്ക് കഴിഞ്ഞ വർഷം 50% കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെയും മെസ്സ് ചാർജ്ജുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷം നോൺമെസ്സ് അലവൻസുകളുടെ നിരക്കും വർദ്ധിപ്പിക്കുന്നതാണ്. പട്ടികജാതിപട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലുള്ളവരുടെ വിദ്യാഭ്യാസ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൂടുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളും പ്രീഎക്സാമിനേഷൻ സെന്ററുകളും, അവ അനിവാര്യമാണെന്നു കാണുന്ന പ്രദേശങ്ങളിൽ, ആരംഭിക്കുന്നതാണ്. സാമൂഹികമായുംസാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ സഹായത്തിന്റെ നിരക്കുകളും കൂടി ഈ വർഷം വർദ്ധിപ്പിക്കുന്നതാണ്. എംബിബിഎസ്സിനും അനുബന്ധ കോഴ്സുകൾക്കുമുള്ള

പ്രവേശനത്തിൽ എല്ലാ എസ്റ്റി വിദ്യാർത്ഥികളുടെയും ക്വാട്ട പൂർണ്ണമായും നികത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് എന്റെ സർക്കാർ നടത്തിയ പ്രയത്നങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നു, കാരണം ഇത്തരം ഒന്ന് ആദ്യമായി സംഭവിച്ചിട്ടുള്ളതാണ്. എസ്സി, എസ്റ്റി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഒരു പ്രത്യേക സംഘടിത പ്രവർത്തനം നടത്തിയിട്ടുണ്ട്.

39. 1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റിൻെറ സാധുത സുപ്രീം കോടതി ഇപ്പോൾ ശരിവച്ചിട്ടുള്ളതിനാൽ എന്റെ സർക്കാർ ഈ ആക്റ്റ് അതിൻെറ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ആക്റ്റ് പ്രകാരം സംരക്ഷിക്കപ്പെടുന്ന ഇടപാടുകളിൽ ഉൾപ്പെട്ട ഭൂമി നഷ്ടപ്പെട്ട ഗോത്ര വർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി ഏകദേശം ആറായിരം ഏക്കർ ഭൂമി ആർജ്ജിക്കേണ്ടതുണ്ട്. ഈ ആവശ്യം നിറവേറ്റുന്നതിന് സർക്കാർ ഭൂമിയുടെ അഭാവമുള്ള പ്രദേശങ്ങളിൽ 'ട്രൈബൽ റീസെറ്റിൽമെന്റ് & ഡെവലപ്മെന്റ് മിഷൻ' മുഖേന നടപ്പുവർഷം അതിവേഗ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതാണ്.

40. അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ പ്രോസിക്യൂട്ട് ചെയ്യുന്നതിന് കൽപ്പറ്റയും

മഞ്ചേരിയും ആസ്ഥാനങ്ങളാക്കി സ്പെഷ്യൽ ടൂറിംഗ് കോടതികൾ സ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് തക്ക സമയത്ത് സഹായം ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിന് സമാശ്വാസ സഹായം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് പാർപ്പിടത്തിനും ഉപജീവന ത്തിനും അടിയന്തിരസഹായം ലഭിക്കുംവിധം സഹായ വിതരണത്തിൽ പ്രത്യേക മുൻഗണന നൽകുന്നതാണ്.

41. 2009-2010 വർഷത്തിൽ സാമൂഹ്യക്ഷേമ രംഗത്ത് എന്റെ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കൗമാരപ്രായ ത്തിലുള്ള പെൺകുട്ടികൾക്ക് സൈക്കോസോഷ്യൽ കൗൺസി ലിംഗ് സേവനം, വൈകല്യമുള്ളവർക്ക് ഡിസെബിലിറ്റി സർട്ടി ഫിക്കറ്റുകളും ഐഡന്റിറ്റി കാർഡുകളും നൽകൽ, വിധവാ പുനർവിവാഹ പദ്ധതി, ശയ്യാവലംബരായവർക്ക് പരിചരണം നൽകുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതി, എസ്‌സി/എസ്‌റ്റി കുടുംബങ്ങളിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്കു വേണ്ടിയുള്ള 'സ്നേഹനിധി' പദ്ധതി, വിദൂര ചെറുഗ്രാമങ്ങളിലെ എല്ലാ താമസക്കാർക്കും പാകം ചെയ്ത ഭക്ഷണം നൽകുന്ന അന്നദായിനി പദ്ധതി, എച്ച്ഐവി ബാധിതർക്ക് പോഷകാഹാരം ഉറപ്പുവരുത്തൽ, ശാരീരിക വൈകല്യമുള്ള പെൺകുട്ടികളുടെ വിവാഹത്തിന്

സാമ്പത്തിക സഹായം നൽകൽ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്.

42. എന്റെ സർക്കാർ, സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 2007-ൽ ഒരു വ്യാവസായിക നയം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒരു നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഈ നയം സഹായകമായിട്ടുള്ളതും കേരളത്തിൽ മുതൽമുടക്ക് നടത്തുന്നതിൽ ധാരാളം വ്യവസായികൾ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. എന്റെ സർക്കാർ, ചെറുകിട വ്യവസായ സംരംഭകർക്ക് പ്രൈസ് പ്രിഫറൻസും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. ഖാദിയും കൈത്തറിയും ജനപ്രിയമാക്കുന്നതിനും ഈ ഉല്പന്നങ്ങൾ വീടുകൾതോറും പ്രചാരമുള്ള ഉല്പന്നങ്ങളാക്കുന്നതിനുമായി പരമ്പരാഗത വ്യവസായ മേഖലയിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖല പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരു പുതിയ ഓപ്പൺ എൻഡ് സ്പിന്നിംഗ്മിൽ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും അത്തരത്തിലുള്ള മറ്റൊന്ന് കാസറഗോഡ് സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളതുമാണ്. ദിനേശ് ബീഡി കമ്പനിയുടെ പുനരുജ്ജീവനവും വൈവിധ്യവൽക്കരണവും പൂർത്തിയാക്കിയിട്ടുണ്ട്. ബീഡി തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകികൊണ്ട് കമ്പനി അതിന്റെ പ്രവർത്തനങ്ങൾ വൈവിധ്യ

വൽക്കരിച്ചിട്ടുണ്ട്. തൊഴിലാളികൾക്കായി ഒരു പുതിയ പെൻഷൻ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

43. 2006-ൽ എന്റെ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ കേവലം 12 പൊതുമേഖലാസ്ഥാപനങ്ങൾ മാത്രമാണ് ലാഭത്തിലായിരുന്നത്. 2008-2009-ഓടെ 28 കമ്പനികൾ 169.45 കോടി രൂപയുടെ മൊത്ത ലാഭമുണ്ടാക്കി. പൂട്ടിക്കിടന്ന ചില പൊതു മേഖലാ സ്ഥാപനങ്ങൾ എന്റെ സർക്കാർ പുനരാരംഭിക്കുകയും മറ്റുള്ളവയെ ആധുനികവൽക്കരിക്കുകയും ചെയ്തു. പ്രവർത്തനക്ഷമതയ്ക്കായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ രൂപീകരിക്കുക എന്നതാണ് എന്റെ സർക്കാരിന്റെ നയം. ടെൽക്കും (TELK) എൻറ്റിപിസി യും (NTPC) തമ്മിലും സെയിലും (SAIL) സ്റ്റീൽ കോംപ്ലക്സും തമ്മിലും ആട്ടോകാസ്റ്റും ഭാരത റെയിൽവേയും തമ്മിലും കെല്ലും (KEL) ഭെല്ലും (BHEL) തമ്മിലും സംയുക്ത സംരംഭങ്ങൾക്കായുള്ള ധാരണാപത്രങ്ങൾ ഇതിനകം തന്നെ ഒപ്പിട്ടിട്ടുണ്ട്. ബ്രഹ്മോസിനെ ഡിആർഡിഒ (DRDO)യ്ക്ക് കൈമാറിക്കഴിഞ്ഞു. ക്രിട്ടിക്കൽ സ്പേസ് ആപ്ലിക്കേഷൻ കംപോണന്റുകൾ നിർമ്മിക്കുന്നതിന് ഐഎസ്ആർഒയുടെ (ISRO) സഹായത്തോടുകൂടി എസ്ഐഎഫ്എൽ-ൽ (SIFL) ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതാണ്. സിൽക്കും (SILK) കൊച്ചിൻ

ഷിപ്പ്യാർഡും തമ്മിൽ യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

44. പുതിയ നിക്ഷേപ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. 220 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന കൊച്ചി മുതൽ കോയമ്പത്തൂർ വരെ നീളുന്ന ഒരു 'ഇൻഡസ്ട്രിയൽ കോറിഡോർ' യാഥാർത്ഥ്യമാക്കുവാൻ കെഎസ്ഐഡിസി (KSIDC) ഉദ്ദേശിക്കുന്നു. കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും കായംകുളത്തേക്കും കോയമ്പത്തൂരിലേക്കും 4500 കോടി രൂപ മുതൽമുടക്കിൽ ജിഎഐഎൽ (GAIL)ന്റെ ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുകൂടി കെഎസ്ഐഡിസി (KSIDC) സൗകര്യമൊരുക്കുന്നതാണ്. കെഎസ്ഐഡിസിയും എഫ്എസിറ്റിയും തമ്മിലുള്ള ഒരു സംയുക്ത സംരംഭമായ കൊച്ചിയിലെ ട്രേഡ് കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. 2010-2011 കാലയളവിൽ മറ്റുള്ളവയോടൊപ്പം കാറ്റിൽ നിന്നുള്ള വൈദ്യുതിയും സൗരോർജ്ജവും ഇലക്ട്രോണിക്സും ഉൾപ്പെടുന്ന പുതിയ വ്യവസായ പാർക്ക് പ്രോജക്റ്റുകളും ഏറ്റെടുക്കുവാൻ കിൻഫ്ര (KINFRA) ഉദ്ദേശിക്കുന്നു. 2010-2011 കാലയളവിൽ നിഫ്റ്റിനു (NIFT) വേണ്ടി ഒരു പുതിയ ആധുനിക കാംപസ് പൂർത്തീകരിക്കുന്നതാണ്. കേരള സിഡ്കോ (SIDCO) 101.44 കോടി രൂപയുടെ മൊത്ത വിറ്റുവരവ് നേടിയിട്ടുള്ളതും

1.32 കോടി രൂപ ലാഭമുണ്ടാക്കിയിട്ടുള്ളതും മേനംകുളത്ത് ഒരു ടെലികോം സിറ്റി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

45. കശുവണ്ടി മേഖലയ്ക്കുള്ള സാമ്പത്തിക സഹായം കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ട്; കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഗണ്യമായ ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ മേഖലയ്ക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഈ മേഖലയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡിലെ ഒരു അംഗം തലവനായി ഒരു സമിതിയെ നിയമിച്ചിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി തൊഴിലാളികൾക്ക് 200-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റ്യുവിറ്റി കുടിശ്ശിക മുതലായവ കൊടുത്തു തീർക്കുന്നതിന് ഈ വർഷം ഗണ്യമായ തുക നീക്കിവെക്കുന്നതാണ്. ബാങ്കു കൾക്ക് കൊടുത്തു തീർക്കാനുള്ള തുക കൊടുത്തു തീർക്കുന്നതിനും അതുവഴി കശുവണ്ടി മേഖലയ്ക്ക് മുടക്കം കൂടാതെ വായ്പ ലഭ്യമാക്കുന്നതിനും ബാങ്കുകളുമായി സമഗ്രമായ ചർച്ച എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

46. പൊതുജനങ്ങൾക്കുമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ ഫലപ്രദമായ നികുതി പിരിവിലൂടെ വരുമാനം വർദ്ധിപ്പിച്ചും ശരിയായ ചെലവ് നിയന്ത്രണത്തിലൂടെയും സംസ്ഥാനത്തിന്റെ സാമ്പത്തികനില മെച്ചപ്പെട്ടുവരികയാണ്. ട്രഷറികൾ ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പൗരൻമാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ട്രഷറികളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. ജീവനക്കാർക്കും പെൻഷൻകാർക്കും പ്രയോജനപ്പെടുന്ന വിധത്തിൽ അടുത്ത സാമ്പത്തിക വർഷത്തോടെ ട്രഷറി വകുപ്പിൽ എടിഎം (ATM) സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചരിത്രം കുറിക്കുന്ന ഒരു തീരുമാനം എന്റെ സർക്കാർ എടുത്തിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനു കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് ഒരു സേവിംഗ്-കം ഇൻഷ്വറൻസ് സ്കീമും വായ്പ എടുക്കാനുള്ള സൗകര്യത്തോടുകൂടിയ മണിബാക്ക് സ്കീമും പോലെയുള്ള പുതിയ സ്കീമുകൾ ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നവീകരിക്കുന്നതാണ്. സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്കായി 'വായ്പാ സുരക്ഷാ ഇൻഷ്വറൻസ്' എന്ന പേരിൽ ഒരു പുതിയ ലൈഫ് ഇൻഷ്വറൻസ് സ്കീമും ഈ വകുപ്പ് ആരംഭിക്കുന്നതാണ്.

47. വാറ്റ് (VAT) രജിസ്ട്രേഷൻ ഉളള എല്ലാ വ്യാപാരികൾക്കും ഇലക്ട്രോണിക് ആയി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുളള സൗകര്യം ഒരുക്കിയ ഭാരതത്തിലെ ആദ്യ സംസ്ഥാനമാണ് കേരളം. വ്യാപാരി സമൂഹം ഇത് ഐകകണ്ഠ്യേന സ്വീകരിച്ചിട്ടുമുണ്ട്. റിട്ടേണുകളുടെ ഇ-ഫയലിംഗ് 100%-ഉം നേടിക്കഴിഞ്ഞതിനാൽ എന്റെ സർക്കാർ വ്യാപാരികൾക്ക് ഇലക്ട്രോണിക്കായി നികുതി നൽകുന്നതിനു വേണ്ടിയുള്ള 'ഇ-പേയ്മെന്റ്' സംവിധാനം ഏർപ്പെടുത്തുന്നതിനുളള യുക്തിസഹമായ അടുത്ത ചുവടു വെയ്പ് കൂടി നടത്തിക്കഴിഞ്ഞു. 2009 സെപ്റ്റംബർ മുതൽ എല്ലാ വാറ്റ് വ്യാപാരികൾക്കും ഇ-പേയ്മെൻറ് നിർബന്ധമാക്കിയിട്ടുള്ളതും 2009 ഡിസംബർ മുതൽ അത് കെജിഎസ്റ്റി ചരക്കുകൾക്കു കൂടി ബാധകമാക്കിയിട്ടുള്ളതുമാണ്. ഇതോടെ, നികുതി സമ്പൂർണ്ണമായും ഇ-പേയ്മെൻറ് വഴി നേരിട്ട് സംസ്ഥാന ഖജനാവിലേയ്ക്ക് അടയ്ക്കുന്നത് നടപ്പിലാക്കിയ ഭാരതത്തിലെ ആദ്യ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു.

48. കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി എക്സൈസ്, മോട്ടോർ വാഹനം, പോലീസ്, മൃഗസംരക്ഷണം, വനം, വാണിജ്യ നികുതി വകുപ്പുകളുടെ സംയോജിത ചെക്ക് പോസ്റ്റുകൾ അമരവിള, വാളയാർ, ബെംഗ്ര, മഞ്ചേശ്വരം എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് ചെക്ക്

പോസ്റ്റുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളുടെ ആസ്ഥാനങ്ങളിലേക്ക് കമ്പ്യൂട്ടർ ശൃംഖല മുഖേന വിവരങ്ങളുടെ തത്സമയ കൈമാറ്റം സുഗമമാക്കുന്നതാണ്.

49. പുതിയ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചും, വിവിധ ഓഫീസുകളെ കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധിപ്പിച്ചും, 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ മാറ്റി നൽകിയും എക്സൈസ് ഇൻസ്പെക്ടർമാരുടെ പദവിയിലും അതിനു മുകളിലുമുള്ള ഉദ്യോഗസ്ഥർക്ക് പിസ്റ്റളുകളും മൊബൈൽ ഫോണുകളും നൽകിയും എക്സൈസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിനും അതുവഴി അബ്കാരിബന്ധ കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് കുറച്ചുകൊണ്ടുവരുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതോടൊപ്പം മദ്യത്തിന്റെ ദൂഷ്യഫലങ്ങൾക്കെതിരെയുള്ള പ്രചാരണം തുടരുന്നതിനുകൂടി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ അതിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിൽ ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

50. റോഡ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് വികസനത്തിന് അനിവാര്യമാണ്. എൻഎച്ച്ഡിപി IV-എ പദ്ധതിയിൻ കീഴിൽ അഞ്ച് ദേശീയ പാതകളുടെ വികസനത്തിനായി ഭാരത സർക്കാരുമായി എന്റെ സർക്കാർ.

ഒരു ധാരണാപത്രത്തിൽ (MoU) ഏർപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി കേന്ദ്ര സർക്കാരുമായി സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് ഒപ്പുവെയ്ക്കുന്നതിനും എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ I-ാം ഘട്ടം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുള്ളതും ശേഷിക്കുന്ന പ്രോജക്റ്റുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്നതുമാണ്. പൊതു മരാമത്ത് വകുപ്പിൽ 3000 കോടി രൂപയുടെ ഉത്തേജക പാക്കേജ് അനുവദിച്ച കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുക യുണ്ടായി.

51. 2010-2011-ൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന 1619 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പൊന്നാനി മുതൽ എലത്തൂർ വരെയുള്ള വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ദേശീയപാത 47-ഉം 17-ഉം നാലുവരി പാതയാക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതാണ്. കൊച്ചിൻ സിറ്റി റോഡ് ഇംപ്രൂവ്മെൻറ് പ്രോജക്റ്റിൻ കീഴിൽ (CRIP) കൊച്ചിയിലേയും കോഴിക്കോട് സിറ്റി റോഡ് ഇംപ്രൂവ്മെൻറ് പ്രോഗ്രാമിൻ കീഴിൽ കോഴിക്കോട്ടേയും നഗര പാതകളുടെ വീതി കൂട്ടുന്നതാണ്. 2010-2011 വർഷക്കാലയളവിൽ 1356 കോടി രൂപയുടെ ബാഹ്യ സഹായത്തോടെ കെഎസ്റ്റിപി-യുടെ രണ്ടാം ഘട്ടം ഏറ്റെടുക്കുന്നതിനു കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നാഷണൽ എക്സ്പ്രസ്സ് വേ നെറ്റ് വർക്ക് പ്രോജക്റ്റിന്റെ കീഴിൽ പാറശ്ശാല മുതൽ

— — — — — –

കാസറഗോഡ് വരെ നീളുന്ന കേരളത്തിന്റെ മുഴുവൻ ഭാഗവും ഉൾപ്പെടുത്തണമെന്ന് ഭാരത സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

52. ഗതാഗത സുരക്ഷ ഒരു മുൻഗണനാമേഖലയായി നിലനിൽക്കുന്നതാണ്. ഈ ആവശ്യത്തിലേക്കായി, 14 ജില്ല കളിലായി 1400 ബസ് ബേകൾ നിർമ്മിക്കുന്നതിനും അപകട സാദ്ധ്യത കൂടിയ പ്രദേശങ്ങളിലും സ്കൂൾ മേഖല കളിലും സ്പീഡ് ക്യാമറകളും ബ്ലിങ്കിംഗ് ലൈറ്റുകളും സ്ഥാപി ക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇ-ടെൻഡറിംഗ് നടപ്പിൽ വരുത്തി മരാമത്ത് വകുപ്പ് നടപടി ക്രമങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതാണ്. പിഡബ്ല്യുഡി മാന്വലിന്റെ പരിഷ്ക്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അതിന്റെ അന്തിമഘട്ടത്തിലാണ്. പൊതു ജനങ്ങൾക്ക് അവരുടെ പരാതികൾ നൽകുന്നതിനും പിഡബ്ല്യുഡിയുടെ പ്രവർത്തനങ്ങളിൻമേൽ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നടപ്പിലാക്കിയിട്ടുണ്ട്.

53. 2009-2010 വർഷക്കാലയളവിൽ വനേതരപ്രദേശ ങ്ങളിൽ കൂടുതൽ മരങ്ങൾ വെച്ചുപിടിപ്പിച്ച് ഹരിതാഭമാക്കുന്ന തിലും, വനപ്രദേശങ്ങൾ വിപുലപ്പെടുത്തുന്നതിലും എന്റെ സർക്കാരിന്റെ പ്രയത്നങ്ങൾ ഇന്ദിരാ പ്രിയദർശിനി വൃക്ഷ

മിത്ര അവാർഡ് സമ്മാനിച്ചതിലൂടെ ഭാരത സർക്കാർ അംഗീകരിച്ചിരിക്കുന്നു എന്നത് അഭിമാനമുള്ള കാര്യമാണ്. കൂടാതെ എന്റെ സർക്കാർ, സംസ്ഥാനത്തിനുവേണ്ടി പുതിയ വനനയം അംഗീകരിക്കുകയും പൗരാവകാശരേഖ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2009-2010 വർഷക്കാലയളവിൽ ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഹരിത കേരളം പദ്ധതി പ്രകാരം മുപ്പത്തിയൊന്നു ലക്ഷം വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുകയുണ്ടായി. 2009-2010 വർഷക്കാലയളവിൽ എറണാകുളത്തിനടുത്തുള്ള കപ്രിക്കാട്ട് ചെറു മൃഗശാലയും വന്യമൃഗ പുനരധിവാസ കേന്ദ്രവുമായ 'അഭയാരണ്യം' സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിക്ക് സമീപമുള്ള വനപ്രദേശം ഉൾപ്പെടുത്തി മലബാർ സാങ്ച്വറി എന്ന് ഒരു പുതിയ സാങ്ച്വറി സ്ഥാപിച്ചിട്ടുണ്ട്. താമരശ്ശേരിയിൽ ഒരു കൺസർവേഷൻ പാർക്കും നെടുമ്പാശ്ശേരി വിമാനത്താവളത്തിനു സമീപം ഒരു ജൈവ വൈവിധ്യ പാർക്കും പൊള്ളാച്ചി യിൽ ഒരു വൈൽഡ് ലൈഫ് ഇന്റർപ്രിട്ടേഷൻ കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ചെറുകിട കർഷകരെ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിന്റെ

പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനായി ആക്റ്റ് ഭേദഗതി ചെയ്തിട്ടുണ്ട്.

54. 2010-2011 വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രാരംഭ സഹായത്തോടെ സൈലന്റ് വാലിയിൽ ഇന്ദിരാഗാന്ധി ബയോഡൈവേഴ്സിറ്റി റിസർച്ച് ആന്റ് മോണിറ്ററിംഗ് സെൻറർ സ്ഥാപിക്കുന്നതാണ്. എൻറ്റിഎഫ്പി (NTFP) യുടെ ശാസ്ത്രീയ ശേഖരണത്തിനും ഈ ഉൽപ്പന്നങ്ങളുടെ വിപണനം ക്രമീകരിക്കുന്നതിനും വേണ്ടിയുള്ള വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നത് സഹായിക്കുന്നതിനായി 'വനശ്രീ' എന്ന പേരിൽ ഒരു അപ്പക്സ് സംഘം സ്ഥാപിക്കുന്നതാണ്. ജൈഐസിഎ (JICA) സഹായ പദ്ധതിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് അരിപ്പയിൽ ഒരു ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കുന്നതാണ്. ഹോർത്തൂസ് മലബാറിക്കസ്സിൽ ഉൾപ്പെട്ടിട്ടുള്ള പാരമ്പര്യ സസ്യങ്ങളുടെ സംരക്ഷണത്തിനായി ഒരു കേന്ദ്രം കോഴിക്കോട് ജില്ലയിലെ ചാലിയത്ത് സ്ഥാപിക്കുന്നതാണ്. വനസംരക്ഷണം മെച്ചപ്പെടുത്തുന്നതിനായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചുകൊണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സംവിധാനം എല്ലാ വനപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ദുർബ്ബല ജൈവ പരിസ്ഥിതി സംവിധാനങ്ങളുടെ സംരക്ഷണം, കാട്ടുതീ തടയൽ, അനധികൃത കഞ്ചാവ് കൃഷി നിർമ്മാർജ്ജനം മുതലായവയ്ക്ക് മുന്തിയ പരിഗണന നൽകുന്നതാണ്.

— — — — — —

55. നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലൂടെ കയർ മേഖലയുടെ വികസനത്തിനായി എന്റെ സർക്കാർ യത്നിക്കുകയാണ്. ഉൽപ്പന്ന നിർമ്മാണ മേഖലയിൽ ക്രയവില സ്ഥിരതാപദ്ധതി ഫലപ്രദമാണെന്ന് തെളിയിച്ചിട്ടുണ്ട്. കയർ കമ്മീഷന്റെ പ്രധാന ശുപാർശകൾ നടപ്പിലാക്കി വരികയാണ്. കയർ ഉൽപ്പന്നങ്ങളുടെ ഗാർഹിക ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി നൽകിയ പ്രത്യേക ഊന്നലും സർക്കാരിന്റെ 'ഒരു വീടിന് ഒരു കയർ ഉൽപ്പന്നം'-ഉം ഫലമുളവാക്കുകയുണ്ടായി. എൻആർഇജിപി (NREGP) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കിയ തണ്ണീർത്തട സംബന്ധ പ്രവർത്തനങ്ങൾക്ക് ജിയോ ടെക്സ്റ്റൈൽസ് ഒരു നിർമ്മാണോൽപ്പന്നമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ ഗാർഹിക ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി ഒരു തീവ്ര പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നതാണ്. 2010 വർഷം ദേശീയ കയർ വർഷമായി പ്രഖ്യാപിക്കുന്നതിന് എന്റെ സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വർഷം 'കേരള കയർ'-ന്റെ ബ്രാൻഡ് പ്രമോഷൻ വർഷമായി കൊണ്ടാടുന്നതാണ്.

56. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കപ്പെട്ട കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആട്ടോമാറ്റിക് കയർ സ്പിന്നിങ് മെഷീനുകളുടെയും ഡീഫൈബറിംഗ് മില്ലുകളുടെയും നവീന പതിപ്പുകൾ പുറത്തിറക്കും. അവയുടെ വാണിജ്യവൽക്കരണം

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതാണ്. ഒരു കോമ്പസിറ്റ് ബോർഡ് ഫാക്ടറി, സഹകരണ മേഖലയിൽ രണ്ട് പിവിസി ടഫ്റ്റിങ് യൂണിറ്റുകൾ, കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ ഒരു ബ്ലൻഡഡ് യാൺ ഫാക്ടറിയും യന്ത്ര തറി യൂണിറ്റും കൂടാതെ ഒരു കയർ യന്ത്രനിർമ്മാണ ഫാക്ടറിയും ഒരു വർഷത്തിനുള്ളിൽ സ്ഥാപിക്കുന്നതാണ്.

57. ചകിരിയുടെ മതിയായ ലഭ്യതയാണ് ഈ മേഖലയുടെ ഒരു പ്രധാന ആവശ്യകത. പച്ചത്തൊണ്ടിന്റെ കാര്യക്ഷമമായ ശേഖരണത്തിനായി തേങ്ങ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിക്കുന്നതും പ്രവർത്തന മൂലധന സഹായം നൽകുന്നതുമാണ്. അസംഘടിത മേഖലയിലെ കയർ തൊഴിലാളികളുടെ പ്രയോജനത്തിനായി കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം ഒരു കോൺട്രിബ്യൂട്ടറി റിട്ടയർമെന്റ് ബെനിഫിറ്റ്-കം-ഗ്രാറ്റുവിറ്റി പദ്ധതി നടപ്പിലാക്കുന്നതാണ്.

58. ഭൂമിയ്ക്ക് വർദ്ധിച്ച ആവശ്യകത ഉണ്ടാകാത്തതും മലിനീകരണ വിമുക്തവുമായ വിവരസാങ്കേതികവിദ്യാ വ്യവസായം സംസ്ഥാനത്തിന് സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉത്തമവും അനുയോജ്യവുമാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ഐറ്റി വ്യവസായ വികസനത്തിൽ നാം സുപ്രധാന

ചുവടു വയ്പ്പുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഐറ്റി വ്യവസായത്തിനും തൊഴിലിനും ഒരു കുതിച്ചു ചാട്ടത്തി നുതകുന്ന 10 പുതിയ ഐറ്റി പാർക്കുകൾ സ്ഥാപിക്കുന്ന തിനുള്ള പാതയിലാണ് എന്റെ സർക്കാർ. 2009 ഒക്ടോബറിൽ കൊരട്ടിയിൽ ഇൻഫോ പാർക്ക് ആരംഭിച്ചതോടെ കേരളത്തിൽ മൂന്നാമത് ഐറ്റി പാർക്ക് ഡെസ്റ്റിനേഷൻ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ പാർക്ക്, ഭൂമി കൈമാറ്റം ചെയ്ത് ഒമ്പത് മാസത്തിനുള്ളിൽ സ്ഥാപിക്കാൻ കഴിഞ്ഞു എന്നത് ആവേശഭരിതമാക്കുന്നു. കൊച്ചി ഇൻഫോ പാർക്കിലെ 100 കോടിയോളം മതിപ്പുചെലവ് കണക്കാക്കിയിട്ടുള്ള പുതിയ ഐറ്റി മന്ദിരം 2010 മധ്യത്തോടെ പ്രവർത്തനമാരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലത്തെ പുതിയ ടെക്നോപാർക്കും ചേർത്തലയിലെയും അമ്പലപ്പുഴയി ലെയും ഇൻഫോ പാർക്കുകളും 2010-2011 സാമ്പത്തിക വർഷത്തിൽ പ്രവർത്തനമാരംഭിക്കുന്നതാണ്. മലബാർ മേഖല യിലെ ഐറ്റി വ്യവസായ വികസനം പ്രോൽസാഹിപ്പി ക്കുന്നതിനായി എന്റെ സർക്കാർ സൈബർ പാർക്കും സ്ഥാപിക്കുന്നുണ്ട്. ഇതിനു പുറമെ, സഹകരണ മേഖലയിൽ കോഴിക്കോട് ഊരാളുങ്കൽ സൈബർ പാർക്കും സ്ഥാപിച്ചു വരുന്നു. സ്മാർട്ട് സിറ്റി പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

59. എന്റെ സർക്കാർ, ഐറ്റി അടിസ്ഥാന സൗകര്യ വികസനത്തിൽ സംസ്ഥാനത്തിന്റെ നേരിട്ടുള്ള നിക്ഷേപത്തിനുപുറമേ, സ്വകാര്യ നിക്ഷേപത്തേയും സജീവമായി പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പുതിയ ഐറ്റി പാർക്കുകളുടെ വികസനത്തിനായി കേരള സ്റ്റേറ്റ് ഐറ്റി ഇൻഫ്രാസ്ട്രക്ച്ചർ (KSITI) എന്ന ഒരു സംരക്ഷണ കമ്പനിയ്ക്ക് എന്റെ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായുള്ള ധനസമാഹരണത്തിനായി കെഎസ്ഐറ്റിഐ 2010-2011-ൽ 49% ഓഹരികൾ സ്വരൂപിക്കുന്നതാണ്. ഇത് ജനങ്ങൾക്ക് ആകർഷകമായൊരു നിക്ഷേപം നടത്തുന്നതിനും സംസ്ഥാനത്തെ ഐറ്റി മേഖലയുടെ വികസനത്തിൽ പങ്കാളികളാകുന്നതിനുമുള്ള ഒരവസരമാകും.

60. ഐ റ്റി വ്യവസായത്തിന്റെ പ്രയോജനങ്ങൾ ഗ്രാമപ്രദേശങ്ങളിലും പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടെക്നോലോഡ്ജ് പദ്ധതിയും (Technolodge Scheme) എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഐറ്റി സംബന്ധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്ന. 2009-2010-ൽ നടപ്പിലാക്കിയ, 'സ്പീഡ്-ഐറ്റി' (SPEED-IT) പ്രോഗ്രാം എന്റെ സർക്കാരിന്റെ മറ്റൊരു സുപ്രധാന ഉദ്യമമാണ്. ഐറ്റി വ്യവസായത്തിന്റെ വളർച്ച, നമ്മുടെ വ്യവസായത്തിന്റെ മൂല്യശ്രേണിയിലെ മുന്നേറ്റത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഉന്നത യോഗ്യതനേടിയ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഒരു സുപ്രധാന ഘടകമാണ്.

അടുത്ത അദ്ധ്യയന വർഷത്തിൽ കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനായി എന്റെ സർക്കാർ ഈ പദ്ധതി വിപുലീകരിക്കുന്നതാണ്.

61. പൗരൻമാർക്ക് സേവനം പ്രദാനം ചെയ്യുന്നതിനായി 'ഇ-ഗവേണൻസ്' (e-governance) പ്രാവർത്തികമാക്കുന്നതിൽ എന്റെ സർക്കാർ വളരെയേറെ മുന്നേറിയിട്ടുണ്ട്. അക്ഷയ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുള്ളതും ഏകദേശം 2160 അക്ഷയകേന്ദ്രങ്ങൾ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സിറ്റിസൺ സർവ്വീസ് സെന്ററു (Citizen Service Centres) കളായി ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളതു മാണ്. ജില്ലകളിലെയും ബ്ലോക്ക് തലങ്ങളിലെയും ആഫീസുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് സഹായക മാകും വിധം ബ്ലോക്ക് ആസ്ഥാനം വരെ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് പൂർണ്ണമായി പ്രവർത്തന സജ്ജമായതിലും എനിക്ക് അതിയായ സന്തോഷമുണ്ട്.

62. സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ ആഫീസുകളിലെയും ഏകദേശം 5.5 ലക്ഷം സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന പേ റോൾ ആന്റ് പേഴ്സണൽ മാനേജ്മെന്റ് സിസ്റ്റം. 'സ്പാർക്ക്' പൂർത്തിയാക്കുന്നതും അതുവഴി ഇത് സർക്കാർ നടപ്പിലാക്കുന്ന ഏറ്റവും ബൃഹത്തായ പേഴ്സണൽ മാനേജ്മെന്റ് സംവിധാനങ്ങളിൽ ഒന്നായി മാറുന്നതുമാണ്. സൈബർ ഭീഷണികളും സൈബർ

തീവ്രവാദ പ്രവർത്തനങ്ങളും നേരിടുന്നതിനുള്ള സർക്കാർ തയ്യാറെടുപ്പ് മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട്, ദേശീയ തലത്തിലുള്ള സംവിധാനത്തിന്റെ മാതൃകയിൽ ഒരു കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (Computer Emergency Response Team-Kerala) രൂപീകരിക്കു ന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

63. 'ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ' (FOSS) പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത, പ്രത്യേകിച്ചും ഇ-ഗവേണൻസിൽ, എന്റെ സർക്കാർ തിരിച്ചറിയുന്നു. 'ഫോസ്സ്' (FOSS)-ന് അതിന്റെ തുടക്കത്തിൽതന്നെ ഗംഭീരമായ പ്രതികരണം ലഭിക്കുന്നുണ്ടെന്ന് അറിയിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 'ഫോസ്സി' (FOSS)-ന്റെ ശേഷി കാര്യമായി വർദ്ധിപ്പിക്കുന്നതിനായി എന്റെ സർക്കാർ കഴിഞ്ഞ വർഷം കൊച്ചിയിൽ 'കാറ്റ്ഫോസ്സ്' (CATFOSS) ആരംഭിച്ചിരുന്നു. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനായി ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ ടെക്നിക്കൽ കോംപീറ്റൻസി എന്റർപ്രീണർഷിപ്പ് ആന്റ് റിസർച്ച് (FOSTER) എന്ന പേരിൽ ഒരു പുതിയ സംരംഭം എന്റെ സർക്കാർ ആരംഭിക്കുന്നതാണ്. ഈ പദ്ധതി അംഗീകൃത 'ഫോസ്സ്' (FOSS) പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് ഗ്രാന്റുകൾ നൽകുന്നതാണ്.

- - - - - - - - -

64. ശാസ്ത്ര സാങ്കേതികവിദ്യാ വകുപ്പിന്റെ നിയന്ത്രണ ത്തിലുള്ള വിവിധ ഗവേഷണ വികസന കേന്ദ്രങ്ങൾ 2009-2010 കാലയളവിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ബയോടെക്നോളജി, മറൈൻ ബയോ ടെക്നോളജി, എൻവിറോൺമെന്റ് ബയോടെക്നോളജി എന്നീ മേഖലകളിൽ കേരള ബയോടെക്നോളജി കമ്മീഷൻ അനവധി പുതിയ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

65. എന്റെ സർക്കാർ സംസ്ഥാന പ്ലാൻ ഫണ്ടും കേന്ദ്രസഹായവും ഉപയോഗപ്പെടുത്തി നിലവിലുള്ള തുറമുഖ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് മുൻകൈ എടുത്തു വരികയാണ്. അതനുസരിച്ച്, വിഴിഞ്ഞത്ത് സുനാമി പുനരധി വാസപദ്ധതി (TRP) പ്രകാരം ഒരു പുതിയ കാർഗോ ബെർത്ത് നിർമ്മിച്ചിട്ടുള്ളതും 2010-2011 കാലയളവിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമാണ്. തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ, ആലപ്പുഴ, പൊന്നാനി തുറമുഖങ്ങൾ വികസിപ്പി ക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ് ഷിപ്പ്മെന്റ് ടെർമിനൽ (VICTT) പദ്ധതി സംബന്ധിച്ച്, എന്റെ സർക്കാർ, പദ്ധതി വിശദമായി വിലയിരുത്തിയതിനു ശേഷം അത് ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ അടിസ്ഥാന സൗകര്യത്തിനും റോഡ്റെയിൽ ബന്ധിപ്പിക്കലിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി സർക്കാർ 450 കോടി രൂപ നിക്ഷേപിക്കും. നിർമ്മാണ പ്രവർത്തനങ്ങൾ 12-18 മാസങ്ങൾക്കകം പൂർത്തീകരിക്കും.

---

റെയിൽ, റോഡ്, കണ്ടെയ്നർ യാർഡ്, പുനരധിവാസം മുതലായവയ്ക്കുവേണ്ടി 120 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പദ്ധതിയുടെ കൂടുതൽ വികസനത്തിനു വേണ്ടി ഒരു സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിന് ആഗോള ടെണ്ടറുകൾ ക്ഷണിക്കുന്നതാണ്.

66. 2010-2011 കാലയളവിൽ തീരദേശ ഷിപ്പിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. മറൈൻ സെക്ടറിലെ വർദ്ധിച്ച തൊഴിൽ സാധ്യത കണക്കിലെടുത്ത് കാസറഗോഡ് ജില്ലയിലെ മീഞ്ചയിലും കൊല്ലം ജില്ലയിലെ നീണ്ടകരയിലും രണ്ട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. മാരിടൈം വികസനത്തിന്റെ ഏകോപന പ്രവർത്തനത്തിനുവേണ്ടി തുറമുഖ വകുപ്പും ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗും കേരള മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും സംയോജിപ്പിച്ചുകൊണ്ട് കേരളത്തിൽ ഒരു മാരിടൈം ഡെവലപ്പ്മെന്റ് ബോർഡ് സ്ഥാപിക്കുന്നതാണ്.

67. പ്രവാസി കേരളീയ കാര്യ വകുപ്പും (NORKA) ഒരു സർക്കാർ സംരംഭമായ നോർക്ക റൂട്ട്സും (NORKA-ROOTS) വഴി പ്രവാസി കേരളീയർക്കും വിദേശത്തുനിന്നും മടങ്ങി വരുന്നവർക്കും വേണ്ടി എന്റെ സർക്കാർ വിവിധ സ്കീമുകളും പ്രോജക്റ്റുകളും നടപ്പിലാക്കി വരുന്നു. സാമ്പത്തിക

സഹായം, എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്, വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ മുതലായവയ്ക്കുവേണ്ടിയുള്ള സ്കീമുകൾ ഇവയിൽ ഉൾപ്പെടുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ കേരള പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് നിയമമാക്കുകയും കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് രൂപീകരിക്കുകയുമുണ്ടായി. ആഗോള സാമ്പത്തിക മാന്ദ്യം കണക്കിലെടുത്ത് പ്രവാസിയായി രണ്ട് വർഷത്തിനുള്ളിൽ ജോലി നഷ്ടപ്പെട്ട പ്രവാസികൾക്കുവേണ്ടി ഒരു സ്കീം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

68. പ്രവാസി കേരളീയരുടെ മക്കൾക്ക് മലയാള ഭാഷയും കേരള സംസ്കാരവും പരിചിതമാക്കുന്നതിന് എന്റെ സർക്കാർ മലയാളം മിഷൻ എന്ന പേരിൽ ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുന്നതാണ്. എന്റെ സർക്കാർ സംസ്ഥാനത്ത് ഒരു മലയാളം സർവ്വകലാശാലയുടെ സാദ്ധ്യതകൂടി ആരായുന്നതാണ്.

69. കെഎസ്ആർടിസി അതിന്റെ നവീകരണ പരിപാടികളുടെ ഭാഗമായും പ്രവർത്തനേതര വരുമാന സമാഹരണത്തിനുമായി ബിഒറ്റി അടിസ്ഥാനത്തിൽ വ്യാപാര സമുച്ചയങ്ങളോടുകൂടിയ ബസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓൺ ലൈൻ റിസർവേഷൻ സമ്പ്രദായവും സമഗ്ര കമ്പ്യൂട്ടർവൽക്കരണവും

കെഎസ്ആർറ്റിസി നടപ്പിലാക്കിക്കഴിഞ്ഞു. ജവഹർലാൽ നെഹ്റു നഗര നവീകരണ മിഷൻെറ ഭാഗമായി കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ലോഫ്ളോർ ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കെഎസ്ആർറ്റിസി അതിന്റെ കഴിഞ്ഞ 2 വർഷത്തെ വിപുലീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി 2010-2011 സാമ്പത്തിക വർഷത്തിൽ 1000 പുതിയ ബസുകൾ നിരത്തിലിറക്കും. നഗരത്തിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിന് തിരുവനന്തപുരത്ത് ഈഞ്ചക്കലിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതാണ്. കെഎസ്ആർറ്റിസി വരും സാമ്പത്തിക വർഷത്തിൽ പാഴ്സൽ സർവ്വീസുകൾ ആരംഭിക്കുന്നതുമാണ്. കെഎസ്ആർറ്റിസി ബസുകളിൽ സീസൺ ടിക്കറ്റുകൾ നല്കും. കെഎസ്ആർറ്റിസിയുടെ ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗിലെ ലബോറട്ടറികൾ നവീകരിക്കുന്നതിനും എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

70. ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമാണ് സംസ്ഥാന ജലഗതാഗത വകുപ്പ് ഊന്നൽ നൽകുന്നത്. എന്റെ സർക്കാർ 13 വലിയ സ്റ്റീൽ നിർമ്മിത യാത്രാ ബോട്ടുകൾ വാങ്ങുന്നതിന് അനുമതി നല്കുകയും, അവയിൽ 5 എണ്ണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ബോട്ടുകൾ 2010-2011-ൽ ലഭിക്കുന്നതുമാണ്. ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ ഒരു ആധുനിക

കപ്പൽപാതയും മുഹമ്മ, പാണാവള്ളി, വൈക്കം, കോട്ടയം എന്നിവിടങ്ങളിൽ സ്റ്റേഷൻ ഓഫീസ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഉന്നത സുരക്ഷയ്ക്കു വേണ്ടി സ്വതന്ത്രമായ വാർത്താവിനിമയ സൗകര്യം ഉറപ്പാക്കുന്നതിന്, ബോട്ട് ജീവനക്കാർക്ക് ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് മൊബൈൽ ഫോണുകൾ ലഭ്യമാക്കുന്നതാണ്. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനായി കാർഗോയും വിനോദസഞ്ചാരവും അധിഷ്ഠിതമാക്കിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കും.

71. ശാസ്ത്രീയമായി ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ ഒരു ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കിനുവേണ്ടിയുള്ള ഒരു പൈലറ്റ് പ്രോജക്ട് ചേവായൂരിൽ പുരോഗമിച്ചുവരുന്നു. റോഡ് സുരക്ഷാ അതോറിറ്റി അതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 23.16 കോടി രൂപ വിവിധ വകുപ്പുകൾക്ക് അനുവദിച്ചുകൊണ്ട് റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുള്ളതും അവയ്ക്ക് വമ്പിച്ച പ്രോത്സാഹനം ലഭിച്ചിട്ടുള്ളതുമാണ്. വരും വർഷം ഡ്രൈവർമാരുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിന്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് സ്ഥാപിച്ചുകൊണ്ട് ഡ്രൈവർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുവാൻ ഈ വകുപ്പ് ഉദ്ദേശിക്കുന്നു. ഒരു പൈലറ്റ് പ്രോജക്റ്റായി കോഴിക്കോട്ട് ഒരു വെഹിക്കിൾ

ടെസ്റ്റിംഗ് സ്റ്റേഷനും ഈ വകുപ്പ് ആരംഭിക്കുന്നുണ്ട്. വകുപ്പിലെ ജീവനക്കാരുടെ ജോലി സമ്മർദ്ദം കുറയ്ക്കുന്നതിനും അഴിമതി തടയുന്നതിനും മോട്ടോർ വാഹന വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

72. 2008-2009-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ ഒരു റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ വേണ്ടി മെസേഴ്സ് റൈറ്റ്സിനെ (M/S RITES) റെയിൽവേ ബോർഡ് അധികാരപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് താലൂക്കിൽ പുതുശ്ശേരി വില്ലേജിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതും റൈറ്റ്സ് (RITES) പരിശോധിച്ചിട്ടുള്ളതും അനുയോജ്യമെന്ന് കണ്ടിട്ടുള്ളതുമാണ്. ഈ പദ്ധതിക്കുവേണ്ടി 2010-2011-ലെ വാർഷിക പദ്ധതിയിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള സമ്മതം എന്റെ സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൊച്ചിനഗരത്തിൽ ബദൽ ഗതാഗത സംവിധാനമെന്ന ആവശ്യം തിരിച്ചറിഞ്ഞു കൊണ്ട് എന്റെ സർക്കാർ കൊച്ചി മെട്രോ റെയിൽ പദ്ധതി അംഗീകരിക്കുകയും, പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അനുമതി നൽകുകയുമുണ്ടായി. ഈ പദ്ധതിക്കുള്ള അനുമതി ഇപ്പോഴും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

73. നിർദ്ദിഷ്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം 2010-ൽ തന്നെ ആരംഭിക്കുന്നതാണ്. റോഡുകൾ, ജലവിതരണം, വൈദ്യുതി മുതലായ അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ വിമാനത്താവള പ്രദേശത്തും അതിന്റെ പരിസരത്തും സമയബന്ധിതമായി സജ്ജീകരിക്കുന്ന പ്രക്രിയയിലാണ് എന്റെ സർക്കാർ.

74. ലോകത്തിന്റെ വളർച്ചാ മേഖലകളിൽ മുൻപന്തിയിലാണ് യാത്രയും വിനോദ സഞ്ചാരവും. ഇന്ത്യയിൽ വിനോദ സഞ്ചാരത്തിന്റെ സൂപ്പർ ബ്രാൻഡ് എന്ന സ്ഥാനം കേരളം നിലനിർത്തുന്നുണ്ട്. ദുഷ്കരമായ സാമ്പത്തികാവസ്ഥയാണെങ്കിലും കേരളത്തിലേയ്ക്കുള്ള വിനോദ സഞ്ചാരികളുടെ ആഗമനത്തിൽ ശ്രദ്ധേയമായ വളർച്ച കൈവരിച്ചിട്ടുണ്ട്. ലോക വിനോദ സഞ്ചാരരംഗത്ത് ആർജ്ജിച്ചിട്ടുള്ള സ്ഥാനം നിലനിർത്തുന്നതിനുവേണ്ടി എന്റെ സർക്കാർ വിവിധ വികസന സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

75. പുതിയ ഡെസ്റ്റിനേഷനുകൾ, വിനോദസഞ്ചാര അടിസ്ഥാനസൗകര്യവും അവയുടെ പരിപാലനവും ഇവയുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. അടുത്ത കാലത്ത് ആരംഭിച്ച ചില പദ്ധതികളിൽ ബോൾഗാട്ടി ദ്വീപിലെ മറീന, കോഴിക്കോട് ജില്ലയിൽ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനു വേണ്ടി വിനോദസഞ്ചാരത്തിനുതകുന്ന ഒരു

സംരക്ഷണ പദ്ധതിയായ സരോവരം, നമ്മുടെ നാടൻ കലാരൂപങ്ങളും ശാസ്ത്രീയ കലാരൂപങ്ങളും പ്രദർശിപ്പിക്കുന്ന ഒരു വർഷം നീളുന്ന ഉത്സവം, മുസ്സിരീസ് ഹെറിറ്റേജ് പ്രോജക്ട് എന്നിവ ഉൾപ്പെടുന്നു. കേരളം ഒരു ഇന്റർ നാഷണൽ ഷോപ്പിംഗ് ഡെസ്റ്റിനേഷനായി മുദ്രചെയ്യപ്പെടണമെന്ന വിശാല ലക്ഷ്യത്തോടെ ആരംഭിച്ച ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ ഒരു വാർഷിക സവിശേഷതയായിത്തീർന്നിട്ടുണ്ട്.

76. സംസ്ഥാനത്തെ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നല്കികൊണ്ട് വിനോദ സഞ്ചാര അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും വികസനത്തിനും ശ്രദ്ധ കേന്ദ്രീ കരിച്ചുകൊണ്ടുള്ളതായിരിക്കും വരും വർഷത്തെ പ്രധാന ഉദ്യമങ്ങൾ. വിവിധ കേന്ദ്രങ്ങളിൽ റെസ്പോൺസിബിൾ ടൂറിസം ഉദ്യമം ഇതിനകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. താമസ സൗകര്യത്തിലെ അപര്യാപ്തത മറികടക്കുന്നതിന് സംസ്ഥാനത്ത് പുതിയ ഒരു വിഭാഗം ഹോട്ടലുകൾ ആരംഭിച്ചു കൊണ്ട് സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചുരുങ്ങിയ ബഡ്ജറ്റിൽ വിനോദ സഞ്ചാരം നടത്തുന്നവരുടെ ആവശ്യം കണക്കിലെടുത്ത് സേവനം നൽകി താമസ സൗകര്യമൊരുക്കുന്ന ഒരു പുതിയ വില്ല അക്കോമഡേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിനോദ സഞ്ചാര വ്യവസായത്തിലെ സേവനദാതാക്കളുടെ മികവ് വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതിയെ ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ തുടങ്ങിയ

സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 10,000 ജീവനക്കാർക്കെങ്കിലും ലഭ്യമാകുംവിധം ഉയർത്തുന്നതാണ്.

77. എന്റെ സർക്കാർ, രജിസ്റ്റേർഡ് ട്രഡീഷണൽ നോളഡ്ജ് സംബന്ധിച്ച അറിവുകൾ ശേഖരിക്കുന്നതിനും സൂക്ഷിച്ചുവയ്ക്കുന്നതിനുമായി കേരള ട്രഡീഷണൽ നോളഡ്ജ് അതോറിറ്റി (KTKA) രൂപീകരിക്കുന്നതിന് അടിയന്തിര നടപടികൾ എടുക്കുന്നുണ്ട്. കൂടാതെ, ഡാറ്റാ ബേസ് സെർച്ച് സൗകര്യം ഉൾപ്പെടെയുള്ള പേറ്റന്റും മറ്റ് ഐപിആർ അപേക്ഷകളും ഫയൽ ചെയ്യുന്നതിന് പൊതുജനങ്ങളെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു.

78. നിയമ വകുപ്പ് അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. വിവിധ ഹൈക്കോടതികളുടെയും സുപ്രീംകോടതിയുടെയും വിധിന്യായങ്ങളും കൂടാതെ എല്ലാ കേന്ദ്രനിയമങ്ങളും സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളും അടുത്ത ഒരു വർഷത്തിനകം ഡിജിറ്റൈസ് ചെയ്യുന്നതാണ്. പാവപ്പെട്ടവർക്കും സമൂഹ ത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും രാജ്യത്തെ നിയമങ്ങൾ അവരുടെ ഭാഷയിൽ തന്നെ വായിക്കുന്നതിനും അവരുടെ അവകാശങ്ങളും കടമകളും മനസ്സിലാക്കുന്നതിനും അവസരം ലഭിക്കുന്നതിനായി കേരളത്തിലെ ജനങ്ങളുടെ ഭാഷയിലേയ്ക്ക് രാജ്യത്തെ നിയമങ്ങൾ പരിഭാഷപ്പെടുത്തുന്ന

തിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ എന്റെ സർക്കാർ നടത്തിയിട്ടുണ്ട്. ഈ ഉദ്ദേശ്യം മനസ്സിൽ വച്ചുകൊണ്ടാണ് എല്ലാ കേന്ദ്ര ആക്റ്റുകളും പരിഭാഷ പ്പെടുത്തുന്നതിനായി കേരള ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ) കമ്മീഷൻ സജ്ജീകരിച്ചിട്ടുള്ളത്. പ്രധാന ക്രിമിനൽ ആക്റ്റുകൾ പരിഭാഷപ്പെടുത്തുന്ന ജോലി യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷവും തിരു-കൊച്ചിയിലും മലബാർ പ്രദേശങ്ങളിലും ഇപ്പോഴും അനവധി പഴയ നിയമങ്ങൾ പ്രാബല്യത്തിലുള്ളതും പ്രസ്തുത നിയമങ്ങൾ കണ്ടെത്തുന്നതിനും ഏകീകരി ക്കുന്നതിനുമുള്ള നടപടികൾ ഈ വർഷം തന്നെ സ്വീകരിക്കുന്നതുമാണ്.

79. 2012-ഓടെ എല്ലാവർക്കും ഗുണനിലവാരമുള്ള വൈദ്യുതി വിതരണം നടത്തുകയെന്ന ലക്ഷ്യത്തിലേക്ക് കേരളം കുതിക്കുകയാണ്. പാലക്കാടിനെ സമ്പൂർണ്ണ വൈദ്യുത-വൽകൃത ജില്ലയായി പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ ലക്ഷ്യം നിറവേറ്റുന്നതിന്, അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യകത നേരിടുന്നതിനായി വൈദ്യു തോൽപാദനം വർദ്ധിപ്പിക്കുന്നതിന് പരമമായ പ്രാധാന്യമുണ്ട്. ഇതിലേക്കായി, പ്രകൃതിയിൽ ലഭ്യമായ സമൃദ്ധമായ ജലസ്രോതസ്സുകൾ ഉപയുക്തമാക്കിക്കൊണ്ട് കൂടുതൽ ജലവൈദ്യുത പദ്ധതികൾ വികസിപ്പിച്ചുവരുന്നു. ശേഷി

വർദ്ധിപ്പിക്കുന്നതിനായി കൽക്കരി അധിഷ്ഠിതവും വാതകാധിഷ്ഠിതവും ആയ പവർ പ്ലാന്റുകളും ഉദ്ദേശിക്കുന്നുണ്ട്.

60. 2010-2011 കാലയളവിൽ മൊത്തം 22 മെഗാവാട്ട് ശേഷിയുള്ള അഞ്ച് പദ്ധതികൾ ടെൻഡർ ചെയ്യുന്നതാണ്. എല്ലാ നിയമപ്രശ്നങ്ങളും പരിഹരിച്ചതിനുശേഷം 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി ഏറ്റെടുക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ, കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ ലക്ഷ്യമിടുന്നു. ബൈതർണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും കെഎസ്ഇബിയ്ക്കുള്ള കൽക്കരി വിഹിതം ഉപയുക്തമാക്കുന്നതിനുള്ള എൻഡ് യൂസ് പ്രോജക്ട് ആയി കാസറഗോഡ് ജില്ലയിലെ ചീമേനി വില്ലേജിനെ കണ്ടെത്തിയിട്ടുണ്ട്. കെഎസ്ഇബിയും കെഎസ്ഐഡിസിയും സംയുക്തമായി 1320 മെഗാവാട്ട് ശേഷിയുള്ള ഒരു കൽക്കരി അധിഷ്ഠിത താപവൈദ്യുത നിലയം അവിടെ സ്ഥാപിച്ചുവരുന്നു. എന്റെ സർക്കാർ, ചീമേനിയിൽ 1000-1100 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത വൈദ്യുത നിലയം സ്ഥാപിക്കുന്നതിനും കൂടി ഉദ്ദേശിക്കുന്നു.

61. പട്ടികഗോത്രവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കെഎസ്ഇബി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ജനപ്രതി

നിധികളുടെ വികസനനിധികൾ എന്നിവ ഉപയോഗിച്ചുകൊണ്ട് 2012-ഓടെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും 100% ഗാർഹിക വൈദ്യുതീകരണം ലക്ഷ്യമിടുന്നു. ഊർജ്ജ സംരക്ഷണമാണ് മുൻഗണന നൽകേണ്ട മറ്റൊരു മേഖല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 10 ലക്ഷം സിഎഫ്എൽ ബൾബുകൾ സൗജന്യമായി വിതരണം ചെയ്തുകഴിഞ്ഞു. കേരളത്തെ ആദ്യത്തെ 100% സിഎഫ്എൽ സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള എല്ലാ ഇൻകാൻഡസെന്റ് ബൾബുകളും മാറ്റി 1.5 കോടി സിഎഫ്എൽ-കൾ വിതരണം ചെയ്യുന്നതിന് കെഎസ്ഇബി ഉദ്ദേശിക്കുന്നു. മാതൃകാ 'എനർജി എഫിഷ്യന്റ് ബിൽഡിംഗ് ' ആയി ഗവൺമെന്റ് സെക്രട്ടേറിയറ്റിനെ മാറ്റുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ ആസൂത്രണം ചെയ്യുന്നുണ്ട്.

62 നമ്മുടെ കുട്ടികൾ കേരളത്തിന്റെ ഭാവിവാഗ്ദാനങ്ങളായതിനാൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിദ്യാഭ്യാസകാര്യ നിർവ്വാഹകരുടെ കഴിവ് വർദ്ധിപ്പിക്കൽ, പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, മാനേജ്മെന്റിന്റെ ആധുനികവൽക്കരണം, പാഠ്യപദ്ധതി പരിഷ്കരണങ്ങൾ, പുതിയ സിലബസ്, VIII-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ പുസ്തക വിതരണം എന്നീ തരത്തിലുള്ള നിരവധി പരിപാടികൾ എന്റെ സർക്കാർ

നടപ്പിലാക്കിയിട്ടുണ്ട്. 2009-2010 കാലയളവിൽ, 40.71 കോടി രൂപയ്ക്കുള്ള ഐസിടി (ICT) അടിസ്ഥാന സൗകര്യങ്ങൾ 4071 സ്കൂളുകളിൽ നൽകുകയുണ്ടായി. ഐസിടി (ICT) അധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഇപ്പോൾ V മുതൽ X വരെ ക്ലാസ്സുകളെ ഉൾപ്പെടുത്തിയിട്ടുള്ളതും അതിൽ ആകെ 30 ലക്ഷം വിദ്യാർത്ഥികൾ ഉൾപ്പെടുന്നതുമാണ്. ഐടി @ സ്കൂൾ വിദ്യാഭ്യാസ ചാനലായ 'വിക്ടേഴ്സ്' (VICTERS) വിജയകരമായി ആരംഭിച്ചിട്ടുള്ളതും ആയത് വിവിധ വിദ്യാഭ്യാസ പരിപാടികൾ സംപ്രേഷണം ചെയ്തുവരുന്നതുമാകുന്നു. 2009-2010 വർഷത്തിൽ സംസ്ഥാനത്താകമാനം +1 പ്രവേശനത്തിനായി ഒരു ഏകജാലക പ്രവേശന പദ്ധതി വിജയകരമായി നടപ്പിലാക്കുകയും അതിന് ഈ വർഷം സിഎസ്ഐ നിഹിലന്റ് അവാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റവും നിയമനവും ഓൺലൈൻ വഴി നടത്തുന്നതിനുള്ള ഒരു പദ്ധതിയും അതിന്റെ എല്ലാ പ്രധാന പ്രവർത്തനങ്ങളുടെയും മൈക്രോ ലെവൽ പ്ലാനിംഗ് നടത്തുന്നതിന് ഒരു സ്വതന്ത്ര സോഫ്റ്റ്വെയർ പ്രോഗ്രാമും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

83. അദ്ധ്യാപകരുടെ നിയമനത്തിൻമേലുള്ളനിരോധനം പിൻവലിച്ചു കഴിഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ പൗരാവകാശ രേഖകൾ പ്രസിദ്ധീകരിച്ചത് ഒരു സുപ്രധാന നേട്ടമാണ്.

64. 2010-2011 വർഷത്തിൽ 2 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'എഡ്യൂസാറ്റ്' (EDUSAT) മുഖേനയുള്ള ഉപഗ്രഹ വിദ്യാഭ്യാസം കേരളത്തിലെ എല്ലാ സർക്കാർ കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ ഒരു സെന്റർ ഫോർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപിക്കുകയും 17 പോളിടെക്നിക് കോളേജുകളിൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുകയും ചെയ്തു. എല്ലാ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലും കൂടുതലായി ബിരുദാനന്തര പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം അമ്പലപ്പുഴയിലും ചാലക്കുടിയിലും രണ്ട് റീജിയണൽ സയൻസ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയ്ക്കുവേണ്ടി 3 കോടി രൂപ മതിപ്പു ചെലവിൽ ഒരു പുതിയ റഫറൻസ് ബ്ലോക്ക് നിർമ്മിക്കുന്നതാണ്. ബ്രിട്ടീഷ് ലൈബ്രറിയുടെ ശേഖരത്തിന്റെ ചുമതല കൂടി ലൈബ്രറി ഏറ്റെടുത്തിട്ടുള്ളതും ഒരു പ്രത്യേക വിഭാഗമായി പ്രവർത്തനക്ഷമമാക്കുന്നതുമാണ്. കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്റർ ഇതിനകം ഒരു സുരക്ഷാ അച്ചടി യുണിറ്റ് ആരംഭിച്ചിട്ടുള്ളതും ആധുനികമായ അച്ചടി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. 2010-2011-ൽ ട്രഷറിയുടെയും ബാങ്കുകളുടെയും ചെക്ക് ലീഫുകൾ പോലുള്ള

സാമഗ്രികൾ അച്ചടിക്കുന്നതിന് ഒരു അതീവ രഹസ്യ സ്വഭാവമുള്ള അച്ചടി യൂണിറ്റ് സെന്റർ ആരംഭിക്കുന്നതാണ്.

85. ഈ സാമ്പത്തിക വർഷത്തിൽ താളിയോല രേഖകളും, മറ്റു രേഖകളും അപൂർവ്വ പുസ്തകങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൗരാണിക രേഖകളുടെ പൈതൃകം സംരക്ഷിക്കുന്നതിനായി സംസ്ഥാന പുരാരേഖാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു നാഷണൽ ഡോക്യുമെന്ററി ഹെറിറ്റേജ് കോൺഗ്രസ് നടത്താനുദ്ദേശിക്കുന്നു. മ്യൂസിയം ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ ആരംഭിച്ചിട്ടുണ്ട്. ശ്രീ. വേലുത്തമ്പി ദളവയുടെ പ്രസിദ്ധമായ കുണ്ടറ വിളംബരത്തിന്റെ 200-ാമത് വാർഷികം കൊണ്ടും കേരളവർമ്മ പഴശ്ശിരാജയുടെ വീരരക്തസാക്ഷിത്വത്തിന്റെ 203-ാമത് വാർഷികം കൊണ്ടും ഈ വർഷം ശ്രദ്ധേയമാവുകയും ഈ ചരിത്ര സംഭവങ്ങൾ ആഘോഷിക്കുകയും ആചരിക്കുകയും ചെയ്തിട്ടുള്ളതാണ്. അപൂർവ്വമായ കൊത്തുപണികളുടെ 12 ഫലകങ്ങൾ എടയ്ക്കൽ ഗുഹയിൽ നടത്തിയ ഉത്ഖനനം വെളിച്ചത്തു കൊണ്ടുവരികയുണ്ടായി. തൃശ്ശൂർ മുതൽ കാസറഗോഡ് വരെയുള്ള എല്ലാ കോട്ടകളെയും ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.

86. 2010-2011 വർഷത്തിൽ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ അതിന്റെ ഉടമസ്ഥതയിൽ

സിനിമാശാലകളില്ലാത്ത എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സിനിമാ ശാലകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തോടെ എല്ലാ ജില്ലകളിലും പൈതൃക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ, രാജാരവിവർമ്മയുടേതുൾപ്പെടെയുള്ള അതുല്യ മായ സൃഷ്ടികൾ സൂക്ഷിക്കുന്നതിനായി ശാസ്ത്രീയമായി രൂപകല്പന നടത്തിയ ഒരു ആർട്ട് ഗാലറി നിർമ്മിക്കാനു ദ്ദേശിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ സഹകരണ ത്തോടെ ഒരു ആർട്ട് സ്റ്റുഡിയോ സ്ഥാപിക്കും. കേരള സാഹിത്യ അക്കാദമി, പുന്നയൂർക്കുളത്ത് 'കമലാ സുരയ്യ മെമ്മോറിയൽ റിസർച്ച് സെന്റർ' ആരംഭിക്കും. കേരള നാടൻ കലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കാസറഗോഡ് ഒരു നാടൻ കലാ മ്യൂസിയം ആരംഭിക്കും. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഗവേഷണ കേന്ദ്രം തുടങ്ങാനുദ്ദേശിക്കുന്ന തോടൊപ്പം സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസാധക ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ഈ വർഷം ഒരു 'നോളഡ്ജ് റിപ്പോസിറ്ററി സെന്റർ' കൂടി ആരംഭിക്കുന്നതാണ്.

87. കേരളത്തിലെ ക്രമസമാധാനനില, ഭീകരവാദത്തി ന്റെയോ വർഗ്ഗീയ സംഘർഷങ്ങളുടെയോ ഏതെങ്കിലും പ്രത്യേക സംഭവങ്ങളൊന്നും കൂടാതെ പൂർണ്ണമായും നിയന്ത്രണാധീനമായി നിലകൊള്ളുന്നു. 2009-ൽ സംസ്ഥാ നത്ത് രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെയുള്ള കൊലപാത കങ്ങളുടെ എണ്ണത്തിൽ ശ്രദ്ധേയമായ കുറവ് ഉണ്ടായിട്ടുണ്ട്.

ഇന്റർ നാഷണൽ അസോസിയേഷൻ ഓഫ് പോലീസ് ചീഫ് (IACP) അവാർഡിനായി കൊച്ചി സിറ്റി പോലീസ് തെരഞ്ഞെടുക്കപ്പെട്ടത് സംതൃപ്തി നൽകുന്ന ഒരു കാര്യമാണ്. അതുപോലെ, ക്രമസമാധാനപരിപാലനത്തിൽ രാജ്യത്തെ മികച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡെ അവാർഡ് ലഭിച്ചതും കേരളത്തിനായിരുന്നു. ക്രമസമാധാനപാലന രംഗത്ത് നൂതന ഉദ്യമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 20 പോലീസ് സ്റ്റേഷനുകളിൽ ***ജനമൈത്രി സുരക്ഷാ പദ്ധതി*** വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളിൽ ശ്രദ്ധേയമായ കുറവ് ഉണ്ടായിട്ടുണ്ട്. അതിന് ലഭിച്ച സ്വീകാര്യതയുടേയും സ്വാധീനത്തിന്റെയും അടിസ്ഥാനത്തിൽ അധികമായി 23 സ്റ്റേഷനുകളിലേയ്ക്കുകൂടി അത് വ്യാപിപ്പിച്ചു കഴിഞ്ഞു. ക്ഷേത്രങ്ങളിലും മറ്റ് ആരാധനാ സ്ഥലങ്ങളിലും ഉണ്ടാകുന്ന മോഷണങ്ങൾ ഫലപ്രദമായി നേരിടുന്നതിന് ഒരു 'ടെമ്പിൾ തെഫ്റ്റ് ഇൻവെസ്റ്റിഗേഷൻ സ്പെഷ്യൽ ടീം' രൂപീകരിച്ചിട്ടുണ്ട്.

88. പോലീസ് സേനയുടെ ആധുനികവത്ക്കരണം ഒരു തുടർപ്രക്രിയയാണ്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ അധികാരിതയുള്ള ഒരു സൈബർ പോലീസ്സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇ-മെയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പോലീസ്

ആഫീസർമാർക്കും മൊബൈൽ ഫോൺ നൽകിയിട്ടുണ്ട്. ആദ്യമായി ഇമെയിൽ മുഖേന പരാതികൾ സ്വീകരിക്കുന്നതിനുള്ള സൗകര്യം പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ ഹൈടെക് സെല്ലിൽ പ്രവർത്തനക്ഷമമാക്കി. എല്ലാ ജില്ലകളിലും പൂർണ്ണ സജ്ജീകരണത്തോടുകൂടിയ സൈബർ സെല്ലുകളും ആട്ടോമാറ്റിക് ഫിംഗർ പ്രിന്റ് ഐഡന്റിഫിക്കേഷൻ സംവിധാനവും സ്ഥാപിക്കുന്നതാണ്. പുതിയ കേരള പോലീസ് ആക്റ്റ് ഈ വർഷം നിയമമാക്കുന്നതാണ്.

89. പോലീസിനെ സഹായിക്കുന്നതിനായി 3000 ഹോം ഗാർഡുകളെ നിയമിക്കുന്നതിനുള്ള നടപടി എന്റെ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ അധികസേന പോലീസ് സേനയെ സഹായിക്കുന്ന കാര്യത്തിൽ ബഹുദൂരം മുന്നേറും. 1000-ൽ ഏറെ തസ്തികകളോടു കൂടിയ ഒരു ഇൻഡ്യ റിസർവ്വ് ബറ്റാലിയനും ഒരു കമാന്റോ യൂണിറ്റിനും രൂപം കൊടുത്തിട്ടുള്ളതും അതിന്റെ നിയമന നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയുമാണ്. വാഹനാപകടങ്ങൾ ഉത്ക്കണ്ഠയുളവാക്കുന്ന ഒരു മേഖലയായി തുടരുകയാണെങ്കിലും അപകടങ്ങളുടെയും അത്യാഹിതങ്ങളുടെയും എണ്ണം കുറഞ്ഞു എന്നത് ആശ്വാസജനകമായ സംഗതിയാണ്. ട്രാഫിക്കിനുമാത്രമായി ഒരു പോലീസ് ഐ.ജി.യെ നിയമിച്ചിട്ടുള്ളതും ഫലപ്രദമായ ബോധവത്ക്കരണ പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുൾ

പ്പെടെയുള്ള ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണ ത്തോടെ കൊല്ലം-കോവളം മേഖലയെ ഒരു അപകടരഹിത മേഖലയാക്കുന്നതിനുള്ള ഒരു പൈലറ്റ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു.

90. ഭീകരർക്കിടയിലെ പുതിയ ബന്ധങ്ങളെക്കുറിച്ച് സർക്കാരിന് അറിവുള്ളതും ഭീകരവാദ ഭീഷണി കാര്യക്ഷമ മായി കൈകാര്യം ചെയ്യുന്നതിൽ എല്ലാ മാർഗ്ഗവും അവലംബി ക്കുന്നതുമാണ്. പ്രത്യേക പരിശീലനത്തോടുകൂടിയതും വിവിധ അന്വേഷണ ഏജൻസികളുമായി ബന്ധങ്ങൾ ഉള്ളതു മായ ഒരു അർപ്പണബോധമുള്ള ഭീകരവിരുദ്ധ അന്വേഷണ സ്ക്വാഡ് രൂപീകരിക്കുന്നതാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ഫെഡറൽ സംവിധാനത്തോടുള്ള മെച്ചപ്പെട്ട ഔചിത്യബോധ ത്തിന്റെയും ആദരവിന്റെയും ആവശ്യ കതയ്ക്ക് ഊന്നൽ നൽകുമ്പോഴും സംസ്ഥാന സർക്കാർ ദേശീയ അന്വേഷണ ഏജൻസിയോട് സജീവമായി സഹകരിക്കുന്നതാണ്. തീരദേശ സുരക്ഷ പ്രത്യേക ജാഗ്രത പുലർത്തേണ്ട മറ്റൊരു മേഖല യാണ്. ആദ്യത്തെ തീരദേശ പോലീസ്സ്റ്റേഷൻ നീണ്ടകരയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും മറ്റ് എട്ട് സ്റ്റേഷനുകൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയുമാണ്. നിരന്തര ജാഗ്രത പുലർത്തുന്നതിനും ലോക്കൽ പോലീസിനെ സഹായിക്കുന്ന തിനുമായി ***കടലോര ജാഗ്രതാ സമിതി*** കളെ ശക്തിപ്പെടുത്തി

യിട്ടുണ്ട്. ഇത് ദേശീയതലത്തിൽ പ്രകീർത്തിക്കപ്പെട്ടിട്ടുള്ള വളരെ വിജയകരമായ ഇടപെടലാണ്. അതിവേഗ ബോട്ടുകൾ ആർജ്ജിച്ചിട്ടുള്ളതും അവ കൊച്ചിയിലും കൊല്ലത്തും കോഴിക്കോടും ഇപ്പോൾ തന്നെ പ്രവർത്തനക്ഷമവുമാണ്.

91. നമ്മുടെ പ്രിസണുകളിലെ അവസ്ഥ ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ളത് സംതൃപ്തി നൽകുന്ന കാര്യമാണ്. തടവുകാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും ആയി എന്റെ സർക്കാരിന്റെ സജീവ ശ്രദ്ധ തുടർന്നും ലഭിക്കുന്നതാണ്. പ്രിസണുകളും കോടതി ഹാളുകളും തമ്മിലുള്ള വീഡിയോ കോൺഫറൻസിംഗ് സൗകര്യം എത്രയും വേഗം സെൻട്രൽ പ്രിസണുകളിൽ പ്രവർത്തനക്ഷമമാക്കുന്നതാണ്. പ്രിസണുകളിൽ ഏർപ്പെടുത്തേണ്ട വിവിധ തൊഴിലുകളെയും വൈദഗ്ദ്ധ്യ വികസന പരിപാടികളെയും സംബന്ധിച്ച് പഠനം നടത്തുന്നതിനും ശുപാർശ ചെയ്യുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതാണ്. ഒരു ' വിക്റ്റിംസ് അസിസ്റ്റൻസ് ഫണ്ട് രൂപീകരിക്കുന്നതാണ്. ഹൈക്കോടതിയിലും എല്ലാ ജില്ലകളിലും മീഡിയേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ഹൈക്കോടതിയിൽ ഒരു പ്ലാനിംഗ് ആന്റ് മാനേജ് മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനും എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അഞ്ച് പ്രമുഖ നഗരങ്ങളിൽ സായാഹ്ന കോടതികൾ സ്ഥാപിക്കുന്നതാണ്.

92. സംസ്ഥാനത്ത് ഒട്ടാകെ പുതിയ ഉയരം കൂടിയ കെട്ടിടങ്ങൾ വരുന്നത് കണക്കിലെടുത്ത് സർക്കാർ നമ്മുടെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ പൂർണ്ണമായി ആധുനികവത്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസും, ഇൻഫ്ളേറ്റബിൾ ടവർ ലൈറ്റ് സംവിധാനവും, സ്കൈ ലിഫ്റ്റുകളും പോലെയുള്ള ആധുനിക ഉപകരണങ്ങൾ ആർജ്ജിക്കുന്നതാണ്. വിവിധ ശ്രേണിയിലുള്ള ബന്ധപ്പെട്ടവരുടെ, ക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാം തുടർന്നുവരികയാണ്.

93. സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരണത്തിനു വേണ്ടി 'ഭൂമി കേരളം' എന്നറിയപ്പെടുന്ന ഒരു സമഗ്ര പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളതും ആയത് 3 വർഷത്തിനകം പൂർത്തീകരിക്കുന്നതുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്, ചീഫ് സെക്രട്ടറിയുടെ നേതൃത്വ ത്തിലുള്ള ഒരു പ്രത്യേക ദൗത്യസംഘവും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ തൈക്കാട് വില്ലേജിൽ ജനപങ്കാളിത്തത്തോടുകൂടി റീസർവ്വേയ്ക്കു വേണ്ടിയുള്ള ഒരു പുതിയ മാതൃക ആവിഷ്ക്കരിച്ചിട്ടുള്ളതും ആയത് വ്യാപകമായി സ്വീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. വരും വർഷത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ 7500 ചതുരശ്ര കിലോമീറ്ററുകളോളം ഉൾപ്പെടുന്ന പ്രദേശത്തേയ്ക്ക് റീസർവ്വേ വ്യാപിപ്പിക്കുന്നതാണ്.

94. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാനത്തെ മുസ്ലീം സമുദായത്തിന്റെ ഉന്നമനത്തിനായി പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി ചില പ്രധാനപ്പെട്ട ശുപാർശകൾ നടത്തിയിട്ടുണ്ട്. ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ കളക്ടറേറ്റുകളിലും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പാലോളി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും 6.00 കോടി രൂപ കൂടി അനുവദിക്കുന്നതാണ്. ന്യൂനപക്ഷ ക്ഷേമത്തിനായി നൂതന ഉദ്യമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൊഴിലവസരങ്ങൾ തേടുന്ന മുസ്ലീം യുവാക്കൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിനുള്ള ഒരു പരിശീലന കേന്ദ്രം കോഴിക്കോട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള സെന്ററുകൾ തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിൽ കൂടി ആരംഭിക്കുന്നതാണ്. ഭാരത സർക്കാരിന്റെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ശുപാർശ പ്രകാരം, തീരദേശത്തും മലയോര പ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി എന്റെ സർക്കാർ പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കുന്നതാണ്.

95. കേരളം 35-ാമത് ദേശീയ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നതും 2010 വർഷം കേരള കായിക വർഷമായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി ഒരു 'നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്' തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിയോടും ഊർജ്ജസംരക്ഷണത്തോടുമുള്ള കേരളത്തിന്റെ ആഭിമുഖ്യം പ്രതിഫലിപ്പിച്ചു കൊണ്ട് കേരളത്തിൽ നടത്തുന്ന ദേശീയ ഗെയിംസിനെ ഗ്രീൻ ഗെയിംസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. മുന്നൊരുക്കത്തിനുള്ള സമയപരിമിതി മൂലം ഗെയിംസ് നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നിലവാരം ഉയർത്തി അവിടെ നടത്തുന്നതാണ്. നിലവാരം ഉയർത്തുന്നതിനും ഗെയിംസ് നടത്തുന്നതിനുമുള്ള ചെലവ് 220 കോടി രൂ യായി കണക്കാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി അധിക കേന്ദ്രസഹായം എന്ന നിലയിൽ 110 കോടി രൂപ ഭാരത സർക്കാർ അനുവദിച്ചിട്ടുണ്ട്. സ്പോർട്സിനെ അഭിനിവേശ ത്തോടെ പിൻതുടരുന്നതിന് വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുക എന്ന കാഴ്ചപ്പാടോടെ, എന്റെ സർക്കാർ 'ആരോഗ്യവും കായിക വിദ്യാഭ്യാസവും' സംസ്ഥാനത്തെ സ്കൂളുകളിൽ ഒരു പാഠ്യവിഷയമായി 2010-2011 അദ്ധ്യയന വർഷം മുതൽ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ട്.

_____ _____

96. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ നവീകരിച്ചു കൊണ്ടിരിക്കുന്നു. പരാതി പരിഹാരത്തിനുള്ള അതുല്യ പരിപാടിയായ ***സുതാര്യ കേരള***ത്തിന് ശ്രദ്ധേയമായ സേവനം ഈ കാലയളവിൽ കാഴ്ചവെയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2010-2011 വർഷത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പ്രതികരണം ശേഖരിക്കുന്നതിനായി വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഒരു 'ഫീഡ് ബാക്ക് സംവിധാനം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു. ജില്ലാ കളക്ടർമാരുടെ കീഴിൽ ഇപ്പോഴുള്ള സുതാര്യ കേരളം മോണിറ്ററിംഗ് കമ്മിറ്റികളെ ശക്തിപ്പെടുത്തുന്നതാണ്.

97. എന്നുതന്നെയല്ല, ആസൂത്രണം ചെയ്ത എല്ലാ പരിപാടികളും നടപ്പിലാക്കുന്നതിലേയ്ക്കായി ഉയർന്ന പരിശീലനം സിദ്ധിച്ചതും കാര്യക്ഷമത പുലർത്തുന്നതുമായ ഉദ്യോഗസ്ഥർ ഉണ്ടാകേണ്ടത് ആവശ്യമാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളവും ബത്തകളും പരിഷ്കരിക്കുന്നതിനായി ഒരു ശമ്പള കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷൻ സർവ്വീസ് പെൻഷനുകൾ പരിഷ്കരിക്കുന്നതുകൂടി പരിശോധിക്കുന്നതാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അടുത്ത സാമ്പത്തികവർഷം പ്രവർത്തന സജ്ജമാകുന്നതാണ്. എല്ലാ സർക്കാർ ജീവനക്കാർക്കും

പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത എന്റെ സർക്കാർ മനസ്സിലാക്കുന്നു. പുതിയതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഐഎംജി വഴി ഇൻഡക്ഷൻ ട്രെയിനിംഗ് ഏർപ്പെടുത്തുന്നതിനും ഐഎംജിയെ വിവരാവകാശ നിയമത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാർ പ്രവർത്തനങ്ങളിൽ സെക്രട്ടേറിയറ്റിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ പരിശീലനാവശ്യങ്ങൾ നിറവേറ്റുന്നതിനായി, സെക്രട്ടേറിയറ്റിനെ ഉദ്ദേശിച്ച് ഒരു ട്രെയിനിംഗ് സെന്റർ ഐഎംജി യിൽ സ്ഥാപിച്ചു വരുന്നു.

98. വരുംവർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഏതാനും ചില പ്രവർത്തനങ്ങളെക്കുറിച്ച് മാത്രമാണ് ഞാൻ പരാമർശിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ കഴിവുറ്റതും ഊർജ്ജസ്വലവുമായ നേതൃത്വത്തിൻകീഴിൽ കേരളത്തെ ഭാരതത്തിലെ ഏറ്റവും വികസിതമായ സംസ്ഥാനങ്ങളിൽ ഒന്നാക്കി എന്റെ സർക്കാർ മാറ്റുമെന്ന് എനിക്ക് ഉറപ്പുണ്ട്. കാർഷിക വ്യാവസായിക വികസനം, വിവരസാങ്കേതിക വിദ്യ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ ക്ഷേമം, ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിൽ സൃഷ്ടിക്കൽ, ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനം എന്നീ മേഖലകളിൽ സംസ്ഥാന

സർക്കാർ കൈക്കൊണ്ട നടപടികൾ ഫലപ്രാപ്തിയിലെത്തുകയും സംസ്ഥാനത്തെ വൻ വളർച്ചയുടെ പന്ഥാവിൽ എത്തിക്കുകയും ചെയ്യും. കേരളം അതിന്റെ കഴിവ് തിരിച്ചറിയുകയും പ്രതികൂല സാമ്പത്തിക സാഹചര്യങ്ങളെ തരണം ചെയ്യുന്നതിനു സജ്ജമായിരിക്കുകയുമാണ്. നാമെല്ലാം നമ്മുടെ രാഷ്ട്രീയ ഭിന്നതകൾ വെടിഞ്ഞ് സമ്പൂർണ്ണ വികസിതവും ഐശ്വര്യപൂർണ്ണവുമായ കേരളത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

**ജയ് ഹിന്ദ്**

---